

# സ്നേഹസവിധം

# ESSS
## News Bullettin

Issue : 05 Nov. - Dec. 2019

ക്രിസ്മസ്സ്
പുതുവത്സരാശംസകൾ!

# കോർപ്പ് സരൾപ്ലസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

## പ്രത്യേകതകൾ

- ആവറേജ് ബാലൻസ്, മിനിമം ബാലൻസ് നിബന്ധനകൾ ഇല്ല.
- 118/– രൂപയ്ക്ക് 5 ലക്ഷം രൂപയുടെ അപകടമരണ ഇൻഷുറൻസ്.
- 12/– രൂപയ്ക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ്.
- 330/– രൂപയ്ക്ക് 2 ലക്ഷം രൂപയുടെ ടേം ഇൻഷുറൻസ്.
- റുപേ കാർഡിന് 1 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ്.
- സരൾപ്ലസ് സേവിംഗ് അക്കൗണ്ട് തുറന്ന് 460/– രൂപ അടയ്ക്കുന്നതിലൂടെ ഇടപാടുകാരന് 10 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. ഇതിനോടൊപ്പം തന്നെ ചെക്ക് ബുക്ക്, ഇന്റർനെറ്റ് ബാങ്കിംഗ് മുതലായ എല്ലാ സൗകര്യങ്ങളും ലഭ്യമായിരിക്കും.

कार्पोरेशन बैंक Corporation Bank

A Premier Public Sector Bank

AYANAM INDUSTRIES

ECO FRIENDLY CARRY BAGS & SCREEN PRINTING

Varapuzha, Ernakulam Dist

PH : 0484 2432009, 8113065028, 9847137672

E mail : ayanambags@gmail.com

- Cora cloth bags
- D Cut Bags
- W Cut Bags
- Gown Cover
- Non Woven Shopping Bags



// സ്നേഹസവിധം
Issue : 05 December 2019

# അകത്താളുകളിലൂടെ......

2 എഡിറ്റോറിയൽ
3 ഡയറക്റ്റേഴ്സ് വോഴ്സ്
4 കരുതിവയ്ക്കാം വരുംതലമുറയ്ക്കായി
8 ഇ.എസ്.എസ്.എസ്. വാർത്തകൾ
14 ഡിപ്പാർട്ട്മെന്റ് വാർത്തകൾ
14 ആശാകിരണം
15 ആർച്ചുബിഷപ്പ് സ്നേഹഭവനം പദ്ധതി
16 സേവ് എ ഫാമിലി പ്ലാൻ
18 ഹോപ്പ് & ഹെൽപ്പ്
29 ഫെറോന വാർത്തകൾ

**എഡിറ്റോറിയൽ**

**മാനേജിങ് എഡിറ്റർ**
ഫാ. മാർട്ടിൻ അഴിക്കകത്ത്

**ചീഫ് എഡിറ്റർ**
ഫാ. മെർട്ടൻ ഡിസിൽവ

**എഡിറ്റർ ഇൻചാർജ്**
മോളി ജോസി

**സബ് എഡിറ്റേഴ്സ്**
സാലി സാബു
ലിജി ജോർജ്ജ്

**എഡിറ്റോറിയൽ ബോർഡ്**
വിപിൻ ജോ
ടിറ്റ്സൺ ദേവസി
ഡോമിനിക് സി.എൽ.
ജോസഫ് ജൂഡ്
അഡ്വ. ഷെറി ജെ തോമസ്

**Ernakulam Social Service Society**
*Social Action Wing of the Archdiocese of Verapoly*
Providence Road, Ernakulam, Kochi - 682 018
☎ : +91 484 2390462, 2396682, 2394428
✉ : esss@rediffmail.com; esssociety@gmail.com
💻 : www.essociety.org
Fb : Ernakulam Social Service Society (ESSS)




# പരാജയം വിജയത്തിന് മുതൽക്കൂട്ട്?

പരാജയത്തിൻെറ അർത്ഥം ഒരിക്കലും തോൽവിയെന്നോ, മരണമെന്നോ, അല്ല.

പരാജയമെന്നാൽ, പാഠമാണ്. വിജയത്തിൻെറ പാഠമാണ്.

പരാജയങ്ങളെ പക്വതയോടെ സമീപിച്ചാൽ അത് വിജയത്തിലേക്കുള്ള ആദ്യ പടി തന്നെയാണ്. എല്ലാം നശിച്ചു എന്നു പറഞ്ഞ് മദ്യപിച്ച് ജീവിതം തുലയ്ക്കുന്ന ഒട്ടനവധി പേരുണ്ട്. പരാജയമല്ല, മറിച്ച് പരാജയത്തോടുള്ള നമ്മുടെ സമീപനമാണ് നമ്മെ തകർക്കുന്നത്.

ഓരോ പരാജയവും നമുക്ക് ഊർജമാകണം. വിജയിക്കാനുള്ള കഴിവ് എനിക്കുണ്ട്, ഞാനതു വിനിയോഗിക്കും എന്ന് മനസിൽ ഉറപ്പിക്കുക. ഒപ്പം പരാജയത്തിൻെറ കാരണം തിരിച്ചറിഞ്ഞ് സ്വയം വിലയിരുത്തുക.

അന്നത് ചെയ്തിരുന്നെങ്കിൽ ഇപ്പോൾ ഞാൻ മെച്ചപ്പെട്ടനിലയിൽ ആയിരുന്നേനെ, അങ്ങിനെ ആയിരുന്നുവെങ്കിൽ ഇങ്ങിനെ സംഭവിക്കില്ലായിരുന്നു, തുടങ്ങിയ ആത്മഗതങ്ങൾ പലപ്പോഴും നാം കേൾക്കാറുണ്ട്.

ഇത്തരം കഴിഞ്ഞുപോയ കാര്യങ്ങളിൽ മനസ് ഉടക്കി കിടക്കുന്നവർക്ക് വർത്തമാനകാലത്ത് ചെയ്യേണ്ടതു പോലും വേണ്ടവിധം ചെയ്യാനാകില്ല. നാളെയെക്കുറിച്ചുള്ള അമിതമായ ഉത്കണ്ഠ ഇത് ഉളവാക്കും. കഴിഞ്ഞുപോയ കാര്യങ്ങളിൽ ഇടപെടാൻ ഇനി ആകില്ല. പക്ഷേ, വരാൻ പോകുന്ന കാര്യങ്ങളിൽ തീർച്ചയായും നമുക്ക് മാറ്റങ്ങൾ വരുത്താൻ സാധിക്കും.

ജീവിത വിജയം കൈവരിക്കാൻ ശ്രമിക്കുമ്പോൾ നാം ഭൂതകാലത്ത് ജീവിക്കരുത്. നാളെയും ജീവിക്കരുത്. ഇന്നിൽ ജീവിക്കണം. സന്തോഷത്തോടെയിരിക്കുക. അറിവ് സന്തോഷമാക്കി മാറ്റുക. എല്ലാം ആസ്വദിക്കുക, പാപം ചെയ്യരുത്. എപ്പോഴും ദൈവത്തിന് നന്ദി പറയുക.

എൻെറ ജീവിതത്തിന് തടസം നിൽക്കുന്നത് ഞാൻ തന്നെയാണ്. എതു കാര്യവും പിന്നെയാകട്ടെയെന്ന് മാറ്റിവെക്കുന്നതാണ് എൻെറ ശത്രു. പിന്നോട്ട് വലിയാതെ എന്തിനും മുന്നോട്ട് വരണം. മാറ്റിവെക്കുമ്പോൾ സംഭവിക്കുന്നത്, കിട്ടാമായിരുന്ന വലിയ അവസരങ്ങൾ നമുക്ക് നഷ്ടപ്പെടും. അടഞ്ഞ വാതിൽ നോക്കി നിൽക്കാതെ ഓപ്പൺ ആയ വാതിൽ കണ്ടുപിടിക്കുക. പിടിവാശി പിടിച്ച് ജീവിതം നശിപ്പിക്കരുത്. പേടി മാറ്റിയെടുക്കണം. അങ്ങോട്ട് ചെയ്യുക. തോറ്റു പോകും, എന്നു കരുതി വിട്ടുകളയരുത്.

അങ്ങിനെ ഉത്സാഹവും, ഉണർവും ആത്മധൈര്യവും നമുക്ക് മനസിൽ നിറക്കാം.

ഓരോ മനസും നല്ല ചിന്തകൾകൊണ്ടുള്ള ഒരു പൂന്തോട്ടമാകട്ടെ.

പരാജയമെന്നത് ജീവിതത്തിലെ അവസാന വാക്കല്ല.

**"Yes, I can do this. I am the hero."**

**മോളി ജോസി**



ഡയറക്റ്ററേഴ്സ് വോയ്സ്



# ഊർജ്ജസംരക്ഷണം കാലഘട്ടത്തിന്റെ ആവശ്യം

മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് പല വിധത്തിലുള്ള ഊർജ്ജരൂപങ്ങളുടെ ഉപയോഗം. വിളക്കുകൾ കത്തിക്കുന്നതിനും, വാഹനങ്ങൾ ഓടിക്കുന്നതിനും, യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനുമെല്ലാം ഊർജ്ജം കൂടിയേ തീരൂ. ഊർജമില്ലാതെ ലോകം നിശ്ചലമായി പോകും, ഇന്ന് ഊർജ്ജ ഉപഭോഗം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലെ ഒരു ദിവസത്തെ വൈദ്യുതി ഉപയോഗം 60–65 ദശലക്ഷം യൂണിറ്റ് ആണ്. വേനൽക്കാലത്തും ഉത്സവനാളുകളിലും പ്രധാന ദിവസങ്ങളിലും ഇത് കൂടുന്നു. എന്നാൽ കേരളത്തിൽ ശരാശരി ഉൽപ്പാദിപ്പിക്കുന്നത് മേൽപ്പറഞ്ഞതിന്റെ 30 ശതമാനത്തിൽ താഴെ മാത്രമാണ്. ബാക്കി ആവശ്യമായി വരുന്ന വൈദ്യുതി കൂടുതൽ തുക കൊടുത്ത് കേന്ദ്രഗ്രിഡിൽനിന്നും വാങ്ങുകയാണ്. കേന്ദ്രഗ്രിഡിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് കുറവു വരുകയോ മറ്റേതെങ്കിലും കാരണങ്ങൾകൊണ്ട് കിട്ടാതാവുകയോ ചെയ്താൽ ഇവിടെ ലോഡ്ഷെഡിങ്ങിലേക്ക് പോകേണ്ട അവസ്ഥയാണ്. താപനിലയങ്ങൾ വഴി ലഭിക്കുന്ന വൈദ്യുതി വഴി, പ്രകൃതിയിലേക്ക് പുറംതള്ളപ്പെടുന്ന ഹാനികരമായ വാതകങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ഈ സാഹചര്യങ്ങൾകൊണ്ടുതന്നെ നമുക്ക് ലഭ്യമായ വിലപ്പെട്ട ഊർജ്ജരൂപങ്ങളെ പരമാവധി സൂക്ഷിച്ചു സംരക്ഷിച്ചും നാം ഉപയോഗിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അനാവശ്യമായി പ്രവർത്തിക്കുന്ന വൈദ്യുതോപകരണങ്ങൾ ഒഴിവാക്കിയും, കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ തിരഞ്ഞെടുത്തും സൗരോർജ്ജത്തെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും, പ്രകൃത്യാലുള്ള വെളിച്ചവും വായുവും ഉള്ളിൽ പ്രവേശിക്കുന്ന മാതൃകയിൽ പുതിയ ഭവനങ്ങൾ നിർമ്മിച്ചുകൊണ്ടും ബയോ–ഗ്യാസ് പ്ലാന്റുകൾ കുറഞ്ഞ നിരക്കിൽ നിർമ്മിച്ചുകൊണ്ടും ഊർജ്ജസംരക്ഷണത്തിൽ നമുക്ക് ഒന്നുചേരാം.

ഊർജ്ജസംരക്ഷണംവഴി കറന്റ് ബില്ലു കുറയ്ക്കാനും മെച്ചപ്പെട്ട വോൾട്ടേജ് ലഭിക്കാനും, വൈദ്യുതോപകരണങ്ങളുടെ ആയുസ്സ് വർദ്ധിക്കാനും പരിസ്ഥിതി സംരക്ഷിക്കാനും ഇന്ധന ഇറക്കുമതി കുറയ്ക്കാനും സാധിക്കും. നമുക്ക് കിട്ടിയ സൗഭാഗ്യങ്ങൾ വരും തലമുറയ്ക്ക് അനുഭവിക്കാൻ തക്ക വിധം ഊർജ്ജം ധൂർത്തടിക്കാതെ സംരക്ഷിച്ച് നമുക്ക് അവർക്കായ് കരുതിവയ്ക്കാം.

**ഫാ. മാർട്ടിൻ അഴിക്കകത്ത്**

*ഡയറക്ടർ, എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി*



# കരുതിവയ്ക്കാം വരും തലമുറയ്ക്കായ്

പ്രകൃതിയിൽ നിന്നും നമുക്ക് ലഭിക്കുന്ന സൗഭാഗ്യങ്ങൾ വരും തലമുറയ്ക്കു കൂടി കരുതി വയ്ക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്.

വൈദ്യുതിയുടെ കാര്യമെടുക്കുകയാണെങ്കിൽ വർദ്ധിച്ചു വരുന്ന ആവശ്യത്തിനനുസരിച്ച് ഉത്പാദിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത് കേരളത്തിൽ ഇന്നുപയോഗിക്കുന്ന വൈദ്യുതിയുടെ സിംഹഭാഗവും (ഏതാണ്ട് 65%) അന്യസംസ്ഥാനങ്ങളിലെ താപവൈദ്യുത നിലയങ്ങളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്നവയാണ്. താപനിലയങ്ങളിൽ നിന്നും പുറം തള്ളുന്ന കാർബൺഡൈ ഓക്സൈഡ് വാതകമാണ് അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്തിനും അതിനെ തുടർന്നുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾക്കും ഒരു സുപ്രധാന കാരണം. അതിനാൽ വൈദ്യുതി നീതിയുക്തമായും കാര്യക്ഷമമായും ഉപയേഗിച്ച റ്റള്ളവർക്കു കൂടി ലഭ്യമാക്കാം. കൂടാതെ നമ്മുടെ സുന്ദരഹരിതാഭമായ ഭൂമിയെ അന്തരീക്ഷ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കാൻ നമ്മളാലാവുന്നതു ചെയ്യാം അതിനായി കുറച്ചു പൊടിക്കൈകൾ ഇതാ.



## ലൈറ്റിംഗ്

- പകൽ സമയങ്ങളിൽ വെളിച്ചത്തിനായി കഴിവതും സൂര്യപ്രകാശത്തെ ആശ്രയിക്കുക.
- 60W സാധാരണ ബൾബ് ഉപയോഗിക്കുന്നിടത്ത് തുല്യ പ്രകാശത്തിനായി 14W സി.എഫ്. എൽ അല്ലെങ്കിൽ 9W എൽ.ഇ.ഡി ബൾബ് ഉപയോഗിക്കുക.
- ഫ്ളൂറസെന്റ് ട്യൂബ് ലൈറ്റുകളിൽ ഏറ്റവും കാര്യക്ഷമമായത് T5 (28W) ട്യൂബ് ലൈറ്റുകളാണ് എന്നാൽ 18W എൽ.ഇ.ഡി ട്യൂബ് പ്രകാശത്തിന്റേയും കാര്യക്ഷമതയുടേയും കാര്യത്തിൽ T5 നെ പിൻതള്ളും.

✦ 15W ന്റെ സീറോവാട്ട് ബൾബിനു പകരം 0.1W ന്റെ LED ബൾബ് ഉപയോഗിച്ചാൽ 15W ബൾബിനുവേണ്ട വൈദ്യുതി കൊണ്ട് 150 LED ബൾബുകൾ പ്രകാശിപ്പിക്കാം.

✦ പ്രവർത്തി ചെയ്യുന്ന സ്ഥലത്ത് മാത്രം പ്രകാശം നൽകാൻ ഉതകുന്ന ടേബിൾലാമ്പ് ഉപയോഗിക്കുന്നത് നന്ന്.

✦ ചുമരിൽ ഇളം നിറത്തിലുള്ള ചായം പൂശിയാൽ പ്രകാശം പ്രതിഫലിക്കുക വഴി മുറിക്കകത്ത് കൂടുതൽ പ്രകാശം ലഭിക്കുന്നു.

✦ സൂര്യപ്രകാശം മുറിക്കുള്ളിൽ എത്തിക്കുവാൻ ഉതകുന്ന രീതിയിൽ കെട്ടിടങ്ങൾ രൂപകൽപന ചെയ്യുക.

✦ ലൈറ്റിന്റെ റിഫ്ളക്ടറുകളും ഷേഡുകളും ഇടയ്ക്കിടെ തുടച്ച് വൃത്തിയാക്കുക.

✦ ആവശ്യം കഴിഞ്ഞാൽ ഉടൻ തന്നെ വൈദ്യുതി വിളക്കുകൾ ഓഫാക്കുക.

## ഫാൻ



✦ റെസിഡസ്റ്റർ ടൈപ്പ് റെഗുലേറ്ററിൽചൂടിന്റെ രൂപത്തിൽ വൈദ്യുതി നഷ്ടപ്പെടുത്തുന്നതിനാൽ കാര്യക്ഷമത കുറവാണ്. പകരം ഇലക്ട്രോണിക്ക് റെഗുലേറ്റർ ഉപയോഗിക്കുക.

✦ റെഗുലേറ്ററിൽ സ്പീഡ് കുറയ്ക്കുന്തോറും വൈദ്യുതി ഉപഭോഗം കുറയുന്നു.

✦ ഇലക്ട്രോണിക്ക് റെഗുലേറ്റർ ഉപയോഗിച്ച് ശരാശരി വേഗതയിൽ പ്രവർത്തിക്കുന്ന ഫാനിന് ഫുൾ സ്പീഡിൽ വേണ്ടതിനേക്കാൾ പകുതിയോളം വൈദ്യുതി മതിയാകും.

✦ സീലിംഗ് ഫാൻ ഉറപ്പിക്കുമ്പോൾ ഫാൻ ലീഫിന് സീലിങ്ങുമായി ഒരടി എങ്കിലും അകലം ഉണ്ടെന്ന് ഉറപ്പുവരുത്തണം.

✦ കറങ്ങുമ്പോൾ ബെയറിങ്ങ് ശബ്ദം ഉണ്ടാകുന്ന ഫാനുകൾ ഊർജ്ജനഷ്ടം ഉണ്ടാക്കുന്നു.

✦ 5 സ്റ്റാർ ഫാനുകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക.

✦ കാര്യക്ഷമതയുള്ള സാധാരണ ഫാൻ നൽകുന്നതിന് തുല്യമായ കാറ്റ് പകുതി മാത്രം വൈദ്യുതി ഉപയോഗിച്ച് BLDC ഫാനുകൾ നൽകുന്നു.

## റഫ്രിജറേറ്റർ (ഫ്രിഡ്ജ്)



✦ ആവശ്യത്തിനുമാത്രം വലിപ്പമുള്ളതും ഊർജ്ജകാര്യക്ഷമത കൂടിയതുമായ മോഡലുകൾ തെരഞ്ഞെടുക്കുക.

✦ ഇൻവെർട്ടർ റഫ്രിജറേറ്റർ കാര്യക്ഷ മതയിൽ മുന്നിലാണ്.

✦ റഫ്രിജറേറ്ററിനു ചുറ്റും വായുസഞ്ചാരം ഉറപ്പിക്കുന്നതിനായി ഭിത്തിയിൽ നിന്നും 15 cms അകലം പാലിക്കണം.

✦ കൂടെ റഫ്രിജറേറ്റർ തുറക്കുന്നത് ഊർജ്ജ നഷ്ടം ഉണ്ടാക്കും.

✦ ആഹാര പദാർത്ഥങ്ങൾ ചൂടാറിയതിനു ശേഷം മാത്രം റെഫ്രിജറേറ്ററിൽ വെയ്ക്കുക.

✦ ആഹാര സാധനങ്ങൾ അടച്ചുമാത്രം റഫ്രിജറേറ്ററിൽ സൂക്ഷിക്കുക. ഇത് ഈർപ്പം റഫ്രിജറേറ്ററിനത്ത് വ്യാപിക്കുന്നത് തടയുകയും തന്മൂലം ലോഡ് കൂടുകയും ഇതുവഴി വൈദ്യുതി നഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കുകയും ചെയ്യുന്നു.

✦ റഫ്രിജറേറ്ററിന്റെ വാതിൽ ഭദ്രമായി അടഞ്ഞിരിക്കണം. ബീഡിങ്ങിലൂടെയുള്ള തണുത്ത വായുവിന്റെ ലീക്ക് ഇടയ്ക്ക് പരിശോധിക്കണം.

✦ ഫ്രീസറിൽ ഐസ് കൂടുതൽ കട്ട പിടിക്കുന്നത് ഊർജ്ജനഷ്ടം ഉണ്ടാക്കുന്നു.

✦ ഫ്രീസറിൽ നിന്ന് എടുക്കുന്ന സാധനങ്ങൾ അൽപനേരം ഫ്രിഡ്ജിന്റെ താഴത്തെ തട്ടിൽ വെച്ചാൽ നന്ന്.

## ഇസ്തിരിപ്പെട്ടി



✦ ഓട്ടോമാറ്റിക് ഇസ്തിരിപ്പെട്ടികൾ കാര്യക്ഷമത കൂടിയവയാണ്. ഇവ ഈ സംവിധാനം ഇല്ലാത്തതിനേക്കാൾ പകുതി വൈദ്യുതി മാത്രം ഉപയോഗിക്കുന്നു.

✦ ഇസ്തിരിപ്പെട്ടി ഉപയോഗിക്കുന്ന സ്ഥലത്ത് കഴിവതും ഫാനിന്റെ ഉപയോഗം ഇല്ലെന്ന് ഉറപ്പുവരുത്തുകവഴി ഇസ്തിരിപ്പെട്ടിയിൽ നിന്നും ചൂടി നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

✦ ഒരാഴ്ചത്തേക്ക് വേണ്ട വസ്ത്രങ്ങൾ ഒരുമിച്ച് ഇസ്തിരിയിടുന്നത് ശീലമാക്കുക.

✦ അലക്കി വസ്ത്രങ്ങൾ പിഴിയാതെ ഉണക്കിയെടുക്കാൻ പറ്റുകയാണെങ്കിൽ ഇസ്തിരിപ്പെട്ടിയുടെ ഉപയോഗം കുറയ്ക്കാം.

## ടെലിവിഷൻ



✦ സി.ആർ.റ്റി ടെലിവിഷനുകളെ അപേക്ഷിച്ച് എൽ.ഈ.ഡി./ എൽ.സി.ഡി ടെലിവിഷനുകൾ കുറഞ്ഞ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നു.

✦ ടെലിവിഷൻ റിമോർട്ടിൽ മാത്രം ഓഫാക്കി ഇടുന്നത് വൈദ്യുതി നഷ്ടത്തിന് ഇടയാക്കും. അതിനാൽ സ്വിച്ച് ഓഫാക്കുക.

✦ ആവശ്യത്തിന് മാത്രം വലിപ്പമുള്ള സ്ക്രീൻ തെരഞ്ഞെടുക്കുക. വലിപ്പം കൂടുംന്തോറും ഊർജ്ജ ഉപഭോഗം വർദ്ധിക്കും.

## കമ്പ്യൂട്ടർ



✦ എൽ.ഇ.ഡി മോണിറ്ററിന് സി.ആർ.റ്റി മോണിറ്ററിന് വേണ്ടി വരുന്നതിന്റെ 1/8 ഭാഗം വൈദ്യുതി മതിയാകും.

✦ കുറച്ച് സമയത്തേയ്ക്ക് കമ്പ്യൂട്ടർ ആവശ്യമില്ലാതെ വരികയാണെങ്കിൽ സ്റ്റാന്റ് ബൈ അല്ലെങ്കിൽ സ്ലീപിംഗ് മോഡിൽ ഇടുകയാണ് നല്ലത്.

✦ ഒരു പ്രാവശ്യം ഓഫാക്കി വീണ്ടും ഓണാക്കുമ്പോൾ ഒരു മണിക്കൂർ സ്ലീപ്പിംഗ് സ്റ്റാന്റ് ബൈ മോഡിൽ പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതിയാണ് ചെലവാകുന്നത്.

## മിക്സി



✦ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ സാധനങ്ങൾ ജാറിൽ നിറയ്ക്കുന്നത് ഒഴിവാക്കുക.

✦ അരയ്ക്കാൻ ആവശ്യത്തിന് മാത്രം വെള്ളം ഉപയോഗിക്കുക. വെള്ളം കൂടിയാൽ അരയാൻ സമയം കൂടുതൽ എടുക്കും. എന്നാൽ കുറഞ്ഞാൽ മിക്സിയുടെ ലോഡ് കൂടും.

✦ ഓവർലോഡ് റിലേ ഉള്ളത് നല്ലത്.

## വെറ്റ് ഗ്രൈൻഡർ



✦ അരിയും ഉഴുന്നും കുതിർന്ന ശേഷം മാത്രമേ ആട്ടാവൂ

✦ രണ്ടു മണിക്കൂർ വെള്ളത്തിലിട്ടശേഷം ആട്ടിയാൽ 15% വൈദ്യുതി ലാഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

✦ ആവശ്യത്തിന് മാത്രം സാധനങ്ങൾ നിറച്ച് വെള്ളം പലതവണയായി ചേർക്കുന്നത് ഉത്തമം.

## ഇൻഡക്ഷൻ കുക്കർ



✦ വിറകോ എൽ.പി.ജി.യോ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം ഉപയോഗിക്കുക.

✦ ഇവ ഉപയോഗിച്ച് പാചകം ചെയ്യുമ്പോൾ മൊത്തത്തിലുള്ള വൈദ്യുതി ഉപഭോഗം കൂടുന്നതിനാൽ ഉയർന്ന വൈദ്യുതി നിരക്ക് നൽകേണ്ടി വരും.

✦ ഇൻഡക്ഷൻ കുക്കറിന്റെ പ്രതലത്തിലെ വൃത്ത ത്തേക്കാൾ കുറഞ്ഞ അടിവട്ടമുള്ള പാത്രങ്ങൾ ഉപയോഗിക്കാതിരിക്കുക.

## വാഷിംഗ് മെഷീൻ



✦ ടോപ്പ് ലോഡിങ്ങ് മെഷീനുകളെ അപേക്ഷിച്ച് ഫ്രണ്ട് ലോഡിങ്ങ് മെഷീനുകൾ കുറച്ച് വെള്ളവും വൈദ്യുതിയും ഉപയോഗിക്കുന്നു.

✦ വെള്ളം ചൂടാക്കി ഉപയോഗിക്കുന്ന തരം വാഷിംഗ് മെഷീനുകൾ വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നു.

✦ നിർദ്ദേശിച്ചിരിക്കുന്ന പൂർണ്ണശേഷിയിൽ തന്നെ പ്രവർത്തിപ്പിക്കുക.

✦ എല്ലാ ദിവസവും ഉള്ള ഉപയോഗം ഒഴിവാക്കുക

## എയർകണ്ടീഷണർ



- ശീതികരിക്കാനുള്ള മുറിയുടെ വലിപ്പത്തിനനുസരിച്ച് അനുയോജ്യമായവ തെരഞ്ഞെടുക്കുക.
- എയർ കണ്ടീഷണറുകൾ ഘടിപ്പിച്ച മുറിയിലേക്ക് ജനലുകൾ, വാതിലുകൾ, മറ്റു ദ്വാരങ്ങൾ എന്നിവയിൽ കൂടി വായു അകത്തേക്കു കടക്കു ന്നില്ലെന്ന് ഉറപ്പു വരുത്തുക.
- 26 27 ഡിഗ്രി സെൽഷ്യസിൽ തെർമോസ്റ്റാറ്റ് സെറ്റ് ചെയ്യുക.
- എയർ കണ്ടീഷണറിന്റെ ഫിൽട്ടർ എല്ലാ മാസവും വൃത്തിയാക്കുക.
- എയർ കണ്ടീഷണറിന്റെ കണ്ടെൻസർ യൂണിറ്റിനു ചുറ്റും ആവശ്യത്തിന് വായു സഞ്ചാരം ഉറപ്പു വരുത്തുക.
- വീടിന്റെ പുറം ചുവരുകളിലും ടെറസ്സിലും വെള്ള നിറത്തിലുള്ള പെയിന്റ് ഉപയോഗിക്കുന്നതും ജനലുകൾക്കും ഭിത്തികൾക്കും ഷെയ്ഡ് നിർമ്മിക്കുന്നതും വീടിനുചുറ്റും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതും അകത്തെ ചൂട് കുറയ്ക്കാൻ സഹായിക്കും

## വാട്ടർ പമ്പ്



- കിണറിന്റെ ആഴവും ടാങ്കിന്റെ ഉയരവും കണക്കിലെടുത്ത് മാത്രം പമ്പ് സെറ്റുകൾ തെരഞ്ഞെടുക്കുക.
- പമ്പിന്റെ ഫൂട്ട് വാൽവുകൾ ആവശ്യത്തിന് വലിപ്പവും ധാരാളം സുഷിരങ്ങൾ ഉള്ളതുമായിരിക്കണം. ISI മാർക്ക് ഉള്ളത് നന്ന്.
- വെള്ളം കൊണ്ടുപോകുന്ന പൈപ്പുകൾക്ക് കഴിവതും വളവും തിരിവും ഒഴിവാക്കുക.
- ഓട്ടോമാറ്റിക്ക് വാട്ടർലെവൽ കൺട്രോൾ ഉപയോഗിക്കുന്നത് നല്ലത്.
- ആഴം വളരെ കൂടിയ സ്ഥലങ്ങളിൽ സബ് മേഴ്സിബിൾ പമ്പുകൾ ഉത്തമം.

## വാട്ടർ ഹീറ്റർ



- വാട്ടർഹീറ്റർ താപസൂചിക എത്രയും കുറച്ച് വയ്ക്കാമോ അത്രയും നല്ലത്.
- താപനഷ്ടം കുറയ്ക്കുന്നതിനായി താപജല വിതരണ പൈപ്പുകൾ ഇൻസുലേറ്റ് ചെയ്യുക.
- കഴിവതും സോളാർ വാട്ടർ ഹീറ്ററുകൾ ഉപയോഗിക്കുക.

## ഇൻവെർട്ടർ



- ഇൻവെർട്ടറുകൾ പ്രവർത്തിക്കുന്നതിന് വൈദ്യുതി ആവശ്യമാണ്. കാര്യക്ഷമത കുറഞ്ഞ ഇൻവെർട്ടറും ബാറ്ററിയും കൂടുതൽ വൈദ്യുതി പാഴാക്കും.
- സോളാർ പാനൽ സ്ഥാപിച്ച് അതുവഴി ഇൻവെർട്ടർ ചാർജ്ജ് ചെയ്യുക വഴി വൈദ്യുതി ഉപയോഗം കുറയ്ക്കാം.
- ഓരോ ഗാർഹിക വൈദ്യുത ഉപഭോക്താവും അവരവരുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ചെറിയ തോതിലെങ്കിലും ഒരു സൗര വൈദ്യു തോത്പാദന സംവിധാനം സ്ഥാപിച്ച് പരിപാലിക്കുന്നത് എല്ലാ വിധത്തിലും നല്ലൊരു മുതൽ കൂട്ടായിരിക്കും.

## ഓർക്കുക.....

- **ഊർജ്ജ കാര്യക്ഷമത കൂടിയ ഉത്പന്നങ്ങൾ ഉപയോഗിക്കുക.**
- **സന്ധ്യാ സമയങ്ങളിൽ കഴിവതും കുറച്ച് വൈദ്യുതി ഉപയോഗിക്കുക.**
- **ഒരു യൂണിറ്റ് വൈദ്യുതി നമ്മുടെ പക്കലെത്തിയ്ക്കാനായി രണ്ട് യൂണിറ്റ് വരെ വൈദ്യുതി ഉല്പാദിപ്പിക്കേണ്ടതായി വരുന്നു. അതിനാൽ ഊർജ്ജം ലാഭിക്കുന്നതാണ് ഉത്പാദിപ്പിക്കുന്നതിനേക്കാൾ മെച്ചം.**

**കടപ്പാട്**

**എനർജി മാനേജ്മെന്റ് സെന്റർ - കേരള**
**ശ്രീകാര്യം പോസ്റ്റ്, തിരുവനന്തപുരം**

# ഇ.എസ്.എസ്.എസ്. വാർത്തകൾ

## തണൽ സായംപ്രഭ സംഗമം





*"വയോജനങ്ങളുടെ മുഖത്ത് പ്രതിഫലിക്കുന്ന സന്തോഷവും, സംതൃപ്തിയുമാണ് ഒരു നാടിന്റെ വികസനത്തിന്റെ മാനദണ്ഡം, അല്ലാതെ ബഹുനില സമുച്ചയമോ, മെട്രോയോ, പാലങ്ങളുടെ എണ്ണത്തിലോ അല്ല"* എന്ന് ശ്രീ ഹൈബി ഈഡൻ, ഇ.എസ്.എസ്.എസ്.എസിന്റെ അഭിമുഖ്യത്തിൽ എറണാകുളം ഇൻഫന്റ് ജീസസ് ഓഡിറ്റോറിയത്തിൽ ഒക്ടോബർ 1-ാം തീയതി സംഘടിപ്പിച്ച അന്താരാഷ്ട്ര വയോജനദിനം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ 80 വയസ്സിനു മുകളിൽ പ്രായമുള്ള സായംപ്രഭ അംഗങ്ങളെ ആദരിക്കുകയുണ്ടായി. വയോജനദിനാചരണത്തിന്റെ ഭാഗമായി ആയിരത്തിൽപ്പരം സായംപ്രഭ അംഗങ്ങൾ സംഗമത്തിൽ പങ്കെടുത്തു. ഫാ. സിജോ കുരിശുമുട്ടിൽ, കലാഭവൻ ബെന്നി, സായംപ്രഭ അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ മാനസ്സിക ഉല്ലാസത്തിനുള്ള കലാപരിപാടികൾ അരങ്ങേറി.

## ഭൂമി സംരക്ഷണദിനം ആചരിച്ചു





വരാപ്പുഴ അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യയും സംയുക്തമായി സെപ്തംബർ 20 ന് ഭൂമി സംരക്ഷണ ദിനമായി ആചരിച്ചു. പെരുമ്പിള്ളി, അസ്സീസി വിദ്യാനികേതൻ പബ്ലിക്ക് സ്കൂളിലെ വിദ്യാർഥികളുമായി നടത്തിയ ചടങ്ങ് ഞാറക്കൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പി.ലാലു ഉദ്ഘാടന കർമ്മം നിർവഹിച്ചു. പ്രകൃതിയെ സംരക്ഷിക്കുക, പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുക, ധാരാളം മരങ്ങൾ നടുന്നതോടൊപ്പം സംരക്ഷണവും ഉറപ്പുവരുത്തുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. അസ്സീസി സ്കൂൾ അഡ്മിനിസ്ട്രേറ്റർ ഫാ.ഷൈൻ പോളി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എസ്.എസ്.എസ്

അസി. ഡയറക്ടർ ഫാ. മെർട്ടൻ ഡിസിൽവ, വിപിൻ ജോ, ജിജി വർഗീസ്, കോളേജ് സ്റ്റുഡൻസ് എന്നിവർ പങ്കെടുത്തു. പ്രകൃതി സംരക്ഷണം എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ് നടത്തുകയും ഔഷധ സസ്യങ്ങൾ നടുകയും ചെയ്തു.

## കാരിത്താസ് ഇന്ത്യ – നവജീവൻ പദ്ധതിക്ക് തുടക്കം കുറിച്ചു



ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹിക സേവനവിഭാഗമായ കാരിത്താസ് ഇന്ത്യയും വരാപ്പുഴ അതിരൂപതയുടെ സാമൂഹിക സേവനവിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും സംയുക്തമായി കടമക്കുടി പഞ്ചായത്തിലെ തിരഞ്ഞെടുത്ത 10 വാർഡുകളിൽ നവജീവൻ പദ്ധതിക്ക് ഒക്ടോബർ 10ന് തുടക്കം കുറിച്ചു. ഒരു വർഷ കാലയളവിലുള്ള പദ്ധതിയിലൂടെ ഇനിയും ഒരു പ്രകൃതി ദുരന്തം സംഭവിക്കുകയാണെങ്കിൽ ദുരന്തത്തെ നേരിടാൻ ജനങ്ങളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യമെന്ന് കാരിത്താസ് ഇന്ത്യ കേരള റീജിയൺ മാനേജർ ശോഭ ജോസ് ആമുഖപ്രഭാഷണത്തിൽ കൂട്ടിച്ചേർത്തു. പ്രസ്തുത പദ്ധതിയുടെ ഔപചാരികമായ ഉൽഘാടന കർമ്മം കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ് ശാലിനി ബാബുവിന്റെ സാന്നിദ്ധ്യത്തിൽ ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് നിർവഹിച്ചു. ഇ.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. മെർട്ടൻ ഡിസിൽവയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്ധു വാർഡ് മെമ്പർമാരായ സുനോപൻ, ഡെയ്സി ജിജോ, ഷീജ പ്രസാദ്, ഇന്ദിര എന്നിവരും ഇ.എസ്.എസ്.എസ്. പ്രവർത്തകരും 200ഓളം ഗ്രാമവാസികളും പങ്കെടുത്തു.

## പങ്കാളിത്താധിഷ്ഠിത ദുരന്ത ലഘൂകരണ പഠനകളരിക്ക് തുടക്കം കുറിച്ചു



വരാപ്പുഴ അതിരൂപതയുടെ സാമൂഹിക സേവനവിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കാരിത്താസ് ഇന്ത്യയും സംയുക്തമായി ദുരന്തലഘൂകരണ പദ്ധതിയായ നവജീവന്റെ ഭാഗമായി കടമക്കുടി പഞ്ചായത്തിലെ തെരെഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ പഠനകളരിക്ക് തുടക്കംകുറിച്ചു. കോതാട് (2), ചേന്നൂർ (2), കടമക്കുടി (2), പിഴല (2), ചരിയംതുരുത്ത് (1) എന്നീ വാർഡുകളിലെ പഞ്ചായത്ത് പ്രതിനിധികൾ, അശാവർക്കർമാർ, ADS, CDS പ്രവർത്തകർ, സ്വയംസഹായസംഘങ്ങളിലെ പ്രതിനിധികൾ, മറ്റ് സംഘടനാപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെ വാർഡിന്റെ വിവരങ്ങൾ അടങ്ങിയ മാപ്പ് തയ്യാറാക്കി. ദുരന്തം ഉണ്ടായാൽ എങ്ങനെ അതിജീവിക്കാൻ കഴിയണം എന്നും ദുരന്തത്തിന്റെ തീവ്രത ഒരു പരിധിവരെ കുറയ്ക്കുക എന്നതും ആണ് പഠനകളരിയുടെ ഉദ്ദേശലക്ഷ്യം. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സാന്നിദ്ധ്യസഹകരണങ്ങൾ പദ്ധതിക്ക് സഹായകമായി.

## സിവിൽ സൊസൈറ്റി മീറ്റിംഗ്

വിവിധ സംഘടനകളിൽ നിന്നും ഡിസ്ട്രിക് കളക്ടർ സുഹാസ് കളക്ട്രേറ്റിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ ഫാ. മാർട്ടിൻ അഴിക്കകത്തും ഇ.എസ്.എസ്.എസ്. സ്റ്റാഫ് അംഗം വിപിൻ ജോയും



പങ്കെടുത്തു. അന്നു നടന്ന സിവിൽ സൊസൈറ്റി മീറ്റിംഗിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ അബ്ഡേഷൻ നടത്തി പദ്ധതികൾ ആവിഷ്ക്കരിച്ചു.

## മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റ്



ഹെൽപ് ഏജ് ഇന്ത്യയുടെ സഹായത്തോടെ മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റ് ആരംഭിച്ചു. കോതാട് കെ.കെ.പി. ഹാളിൽവച്ച് കടമക്കുടി പഞ്ചായത്ത് പ്രസിഡണ്ട് ശാലിനി ബാബു അധ്യക്ഷത വഹിച്ചു. എറണാകുളം പഞ്ചായത്ത് പ്രസിഡണ്ട് ഡോളി കുര്യാക്കോസ് ഉത്ഘാടനം നിർവഹിച്ചു. ബിജു മാത്യു, മാത്യു ചെറിയാൻ, ജയന്തി ശുക്ല, സോന ജയരാജ്, കെ. കെ. സോഹൻ, അജയ് ഗോഖലെ, ഫാ. മാർട്ടിൻ അഴിക്കകത്ത്, സി.എസ്. മുരളിധരൻ, എസ്. സുന്നപ്പൻ എന്നിവർ സംസാരിച്ചു. ഈ മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റിന്റെ സേവനം ആലങ്ങാട്, കടമക്കുടി, ചേരാനെല്ലൂർ, വരാപ്പുഴ എന്നീ പഞ്ചായത്തുകൾക്ക് യഥാക്രമം തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ ലഭ്യമായിരിക്കും.

## ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസ് ഹൗസിംങ് പ്രൊജക്ട്




ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസ് ഭവനപൂർത്തീകരണ പദ്ധതിയുടെ ഗുണഭോക്താക്കളായ നാനാജാതി മതസ്ഥരായ 48 കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 50,000 രൂപ വീതം 24,00,000 രൂപ നൽകി. അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് വിതരണകർമ്മം നിർവഹിച്ചു.

**ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസ് ഹൗസിംങ് പ്രൊജക്ട് ഗുണഭോക്താക്കൾ**

1. സ്റ്റെഫി ആന്റണി തിയ്യാട്ട്, ചേരാനല്ലൂർ
2. ട്രീസ വിൻസന്റ്, കൊടവത്ത് പറമ്പിൽ, വടുതല
3. അന്ന മിനി നടുവിലമനക്കൽ, വടുതല
4. സുമി സോജൻ പുതുക്കാട്, വടുതല
5. എഡ്വിൻ ബാറുവാ, പനക്കപാടം, വടുതല
6. മാർട്ടിൻ കെ.ഡി., കുറ്റേഴത്ത്, വടുതല
7. ജെയിംസ് എ. അയിനിക്കൽ, വടുതല
8. ജോഷി കെ.ആർ., കൊടുവേലിപറമ്പിൽ, കോതാട്
9. ഡോറി ഡിക്കോത്ത്, കണ്ടേങ്ങാട്ട്, യൂദാപൂരം, അങ്കമാലി
10. ഡിന്ന ക്ലീറ്റസ്, പാണിക്കൽ, സൗത്ത് ചിറ്റൂർ
11. ജോർജ് ആന്റണി ഇടത്തിൽ, പിഴല
12. ലില്ലി വർഗിസ്, പോളേക്കാട്ട്, നെട്ടൂർ
13. ജെറിൻ കെ.ജെ, കളരിക്കൽ, നെട്ടൂർ
14. ഫിലോമിന ജെയിംസ്, മണപ്പുറത്ത്, നെട്ടൂർ
15. റ്റി.പി. പീറ്റർ, തെക്കുംപുറത്ത്, നെട്ടൂർ
16. ജോഷി കെ.എൽ., കുരിശുപറമ്പിൽ, പനങ്ങാട്
17. റോസി മൈക്കിൾ, പുട്ടിലിത്തറ, മൂത്തേടം
18. ജോർജ് എ.എ, അച്ചാരുപറമ്പിൽ, തോമസ്പൂരം
19. മാർട്ടിൻ ചാക്കോ, കൊടുവേലിപറമ്പിൽ, ചേന്നൂർ
20. ജോമോൻ വി.സി, വലിയപറമ്പിൽ, കടമക്കുടി
21. ഉഷ ബാബു, കളത്തിത്തറ, കടമകുടി
22. റോയിച്ചൻ റ്റി.ഡി, തൈപറമ്പിൽ, ഓളനാട്, മുട്ടിനകം
23. ജാൻസി വർഗിസ്, ചാണയിൽ, മഞ്ഞുമ്മൽ
24. ആൽബി കെ.എ., കൂടാനപറമ്പിൽ, ഏലൂർ
25. ബിയാട്രീസ് സെബാസ്റ്റിൻ, നെടുംപറമ്പിൽ, തേവക്കൽ
26. ത്രേസ്യാമ്മ ഫ്രാൻസീസ്, തൊട്ടിയിൽ, ചങ്ങംപുഴനഗർ
27. സുധൻ പി.എസ്, കുത്തിപിള്ളിപറമ്പ്, ഇളംകുളം
28. ജെറോം വക്കച്ചൻ, വേണാട്, മാലിപ്പുറം, കാടാപുരം

29. ജിജി ബിനു കല്ലറയ്ക്കൽ, മാനാട്ടുപറമ്പ്
30. ടോമി വലിയപറമ്പിൽ, മാനാട്ടുപറമ്പ്
31. ശാന്ത പ്രകാശൻ അറക്കാത്തറ, എടവനക്കാട്
32. റീനാ സേവ്യർ പെരുമാനപറമ്പിൽ, എളമക്കര
33. ഫെർണാണ്ടസ് അഴിക്കകത്ത്, മരിയാപുരം
34. ഷിജി ഷിനു മൂഞ്ഞപ്പിള്ളി, എളമക്കര
35. അനീഷ് പാറയിൽ, പെരുമാൾപടി, എളങ്കുന്നപുഴ
36. ലീനാ ജോഷി, മുടവാശ്ശേരി, ആറാട്ടുവഴി
37. ആനി മാർട്ടിൻ കൊച്ചുതോട്ടത്തിൽ, തുതിയൂർ
38. ജെയ്സൺ പി.എൽ, പെരുമ്പിള്ളി, പൊറ്റക്കുഴി
39. ജോർജ് കെ.റ്റി, കുരിശുപറമ്പിൽ, പൊറ്റക്കുഴി
40. ക്ലാരൻസ് കൊറയ, കുറ്റിക്കപറമ്പിൽ, പെരുംപിള്ളി
41. ലിനി ഡേവിഡ് കുരിശിങ്കൽ, ഓച്ചൻത്തുരുത്ത്
42. തോമസ് പി.ആർ, പനക്കൽ, വാടേൽ
43. സോഫിയ മാക്സിമിൻ, പേരേപറമ്പിൽ, വല്ലാർപാടം
44. ഷൈബ റൂബി, പെരുമാന്നൂർ, മാലോത്ത്
45. നിഷ ആന്റണി കരിങ്ങാട്ട്, കർത്തേടം
46. ജെന്നി പഴംപിള്ളി, മാമംഗലം
47. റോസി ബോണി, വലിയപറമ്പിൽ, പുതുവൈപ്പ്
48. സിസില വടശ്ശേരി, മുളവുകാട്



- ✧ സെപ്തംബർ 23-ാം തീയതി സി. ക്രിസ്റ്റി മരിയ സ്റ്റാഫംഗങ്ങൾക്ക് ഇ.എസ്.എസ്.എസ്. ഹാളിൽവച്ച് ഹെൽത്ത് ബോധവത്കരണ ക്ലാസ് നൽകി.
- ✧ സെപ്തംബർ 26, ഒക്ടോബർ 17, നവംബർ 21 എന്നീ തീയതികളിൽ ആനിമേറ്റേഴ്സ് സോണൽ മീറ്റിംഗ് നടന്നു.
- ✧ സെപ്തംബർ 27-ാം തീയതി By-monyhly സ്റ്റാഫ് റിവ്യൂ നടന്നു.
- ✧ നവംബർ 1-ാം തീയതി പോസ്റ്റ് ഓഫീസ് സ്കീമിനെക്കുറിച്ച് പോസ്റ്റ്മാസ്റ്റർ ക്ലാസ് നയിച്ചു.
- ✧ നവംബർ 14-ാം തീയതി ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസ് ഭവനപൂർത്തീകരണ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബോധവത്കരണ ക്ലാസ് നടത്തി.

## ഓണാഘോഷം



ഇ.എസ്.എസ്.എസ്. ഹാളിൽവച്ചു നടന്ന ഓണാഘോഷം പ്രശസ്ത സിനിമാ നടന്മാരായ സിജോ വർഗീസും കൈലാസ് മേനോനും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇ.എസ്.എസ്.എസ്. സ്റ്റാഫും ആനിമേറ്റേഴ്സും വില്ലേജ് വോളണ്ടിയേഴ്സും, FDPഫാമിലി അംഗങ്ങളും പങ്കെടുത്തു. വിവിധ കലാപരിപാടികളും, ഓണസദ്യയും ഉണ്ടായിരുന്നു.

## ഇ.എസ്.എസ്.എസ്. പ്രളയ ഭവനനിർമ്മാണ പദ്ധതി – പുതിയഭവനങ്ങൾ



**പനക്കൽ തോമസും കുടുംബവും**
**നക്ഷത്രവീട്,** കൈറ്റിൻകര



**ജോയിയും കുടുംബവും**
തോട്ടക്കാട്ടുകര



**ശ്രീകുമാറും കുടുംബവും**
നീറിക്കോട്



**വിൻസെന്റും കുടുംബവും**
തോട്ടക്കാട്ടുകര

## ക്രിസ്മസ് നക്ഷത്ര പദ്ധതി

ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ സ്നേഹഭവനപൂർത്തീകരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നക്ഷത്രവിതരണത്തിൽ സഹകരിച്ച എല്ലാ ഇടവകകൾക്കും, കുടുംബയൂണിറ്റ്, കേന്ദ്രസമിതിഭാരവാഹികൾ, സാമൂഹ്യസുരക്ഷ കോഡിനേറ്റർമാർ, ആനിമേറ്റേഴ്സ്, സ്വയംസംഘങ്ങൾ എന്നിവർക്ക് ഇ.എസ്.എസ്.എസിന്റെ നന്ദി.

# ഡിപ്പാർട്ടുമെന്റ് വാർത്തകൾ

## ആശാകിരണം – കാൻസർ സുരക്ഷാ പദ്ധതി

ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി നാനാ ജാതി മതസ്ഥരായ 45 ക്യാൻസർ രോഗികൾക്ക് 7,500 രൂപാ വീതം 3,37,500 രുപ ചികിത്സാ സഹായമായി നൽകി.

**ധനസഹായം ലഭിച്ചവർ**

**ഫൊറോന – 1**

| | |
|---|---|
| ബസിലിക്ക ഓഫ് അവർ ലേഡീസ്, വല്ലാർപാടം | 2 |
| അവർ ലേഡി ഓഫ് മേഴ്സി, പൊന്നാരിമംഗലം | 3 |
| സെന്റ് ജോസഫ്, തേവര | 2 |

**ഫൊറോന – 2**

| | |
|---|---|
| മൗണ്ട് കാർമ്മൽ, ചാത്യാത്ത് | 1 |
| സെന്റ് ജെയിംസ്, ചേരാനെല്ലൂർ | 1 |
| ഔവർ ലേഡി ഓഫ് പെർപെച്വൽ ഹെൽപ്പ്, ചേരാനെല്ലൂർ | 1 |

**ഫൊറോന – 3**

| | |
|---|---|
| സെന്റ് ഫ്രാൻസീസ് സേവ്യർ, പോണേൽ | 1 |
| സെന്റ് സെബാസ്റ്റിൻ, ചളിക്കവട്ടം | 1 |
| സെന്റ് ഫ്രാൻസീസ് സേവ്യർ, കലൂർ | 2 |
| സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, പാലാരിവട്ടം | 2 |
| ലിറ്റിൽ ഫ്ളവർ, പൊറ്റകുഴി | 1 |

**ഫൊറോന – 4**

| | |
|---|---|
| സെന്റ് മേരി മാഗ്ദലിൻ, മൂത്തേടം | 3 |
| സെന്റ് ആന്റണീസ്, പനങ്ങാട് | 3 |
| സെന്റ് ജോസഫ്, ചേപ്പനം | 2 |
| ഇമ്മാകുലേറ്റ് ഹാർട്ട് ഓഫ് മേരി, നെട്ടൂർ | 1 |

**ഫൊറോന – 5**

| | |
|---|---|
| ഇമ്മാകുലേറ്റ് കൺസെപ്ഷൻ, മഞ്ഞുമ്മൽ | 4 |
| ലൂർദ് മാതാ തേവയ്ക്കൽ | 1 |
| മേരി ക്യൂൻ ഹെൽപ് ഓഫ് ക്രിസ്ത്യൻസ്, ചൂർണ്ണിക്കര | 2 |

**ഫൊറോന – 6**

| | |
|---|---|
| ഔവർ ലേഡി ഓഫ് ഡോളേഴ്സ്, മാഞ്ഞാലി | 1 |

**ഫൊറോന – 7**

| | |
|---|---|
| സെന്റ് ഫിലോമിനാസ്, കൂനമ്മാവ് | 1 |
| ചർച്ച് ഓഫ് അവർ ലേഡി ഓഫ് നേറ്റിവിറ്റി, മുട്ടിനകം | 1 |

**ഫൊറോന – 8**

| | |
|---|---|
| ക്രൈസ്റ്റ് ദ കിംങ്, ആറാട്ടുവഴി, ഞാറക്കൽ | 1 |
| സെന്റ് സെബാസ്റ്റിൻ പുതുവൈപ്പ് | 1 |
| സെന്റ് സെബാസ്റ്റ്യൻസ്, പെരുമാൾപ്പടി | 1 |
| സെന്റ് ജോസഫ്, കടപ്പുറം, മാലിപ്പുറം | 1 |

## ഫുഡ് ഫെസ്റ്റ്



ആശാകിരണം കാൻസർ കെയർ സുരക്ഷാ ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി ഇ.എസ്.എസ്.എസിൽ ഇന്റേണൽഷിപ്പിനുവന്ന മരിയൻ കോളേജ് കുട്ടിക്കാനത്തു നിന്നുമുള്ള MSW സ്റ്റുഡൻസ് ആയ അശ്വിൻ, ഗൗരി, കെസിയ, ലക്ഷ്മി എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റിലേക്ക് തേവര സമന്വയ ഫെഡറേഷന്റെ നേതൃത്വത്തിലുള്ള സംഘങ്ങൾ പലഹാരങ്ങൾ സംഭാവന നൽകി. അതിൽനിന്നും സമാഹരിച്ച 2000 രൂപ ആശാകിരണം സുരക്ഷാ ഫണ്ടിലേക്കു നല്കി.

## ആർച്ചുബിഷപ്പ് സ്നേഹഭവനം പദ്ധതി

**"ഏവർക്കും വാസയോഗ്യമായ ഭവനം ഉണ്ടാകുക"** എന്ന അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മെത്രാപ്പോലീത്തയുടെ ആഗ്രഹപ്രകാരം ഇ.എസ്.എസ്.എസ് വഴി ഇടവകകളിലൂടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ആർച്ച് ബിഷപ്പ്സ് സ്നേഹഭവനം എന്ന ഭവനപൂർത്തീകരണ പദ്ധതിവഴി നിർദ്ധനരായ കുടുംബങ്ങൾക്ക് വീട് പൂർത്തീകരിക്കുന്നതിനായുള്ള സംഭാവന നൽകിയവർ.

| | | |
|---|---|---|
| 1. | ചൈതന്യ എസ് എച്ച് ജി, നെട്ടൂർ | 600 |
| 2. | സെന്റ് മേരി മാഗ്ദലീൻ ചർച്ച്, മൂത്തേടം | 10,000 |
| 3. | സ്ഥൈര്യലേപനാർത്ഥികൾ, സേക്രട്ട് ഹാർട്ട് ചർച്ച്, തേവർകാട് | 30,000 |
| 4. | തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജൂഡ് ചർച്ച് , എട്ടേക്കർ, എടത്തല | 50,000 |
| 5. | തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജൂഡ് ചർച്ച്, ഉണിച്ചിറ | 10,000 |
| 6. | തിരുനാൾ പ്രസുദേന്തിമാർ, ക്രൈസ്റ്റ് ദി കിംങ് ചർച്ച്, ക്രൈസ്റ്റനഗർ, | 25,000 |
| 7. | സിസ്റ്റർ ചാൾസ്, പ്രൊവിൻഷ്യാൾ സിറ്റിസി, കാക്കനാട് | 25,000 |
| 8. | തിരുനാൾ പ്രസുദേന്തിമാർ, ക്രൈസ്റ്റ് ദി കിംങ് ചർച്ച്, ആറാട്ടുവഴി | 10,000 |
| 9. | ശ്രീ മനു & ജൂലിയ, ചാത്യാത്ത് | 6,000 |
| 10. | തിരുനാൾ പ്രസുദേന്തിമാർ,<br>അവർ ലേഡി ഓഫ് പെർപെച്ചൽ ഹെൽപ്പ് ചർച്ച്, ഉദയംപേരൂർ | 10,000 |
| 11. | സ്ഥൈര്യലേപനാർത്ഥികൾ, ഇൻഫന്റ് ജീസ്സ് ചർച്ച്, തുണ്ടത്തുംകടവ് | 50,000 |
| 12. | ഉദയസൂര്യൻ സായംപ്രഭ, തൈക്കൂടം | 5,000 |
| 13. | ഹാപ്പി ഫെഡറേഷൻ, മരിയാപുരം | 4,550 |
| 14. | അഭ്യുദയകാംഷി | 50,000 |
| 15. | സ്നേഹ എസ് എച്ച് ജി, നീറിക്കോട് | 1,800 |
| 16. | അഭ്യുദയകാംഷി | 10,000 |
| 17. | റോസി വർഗീസ് തൈപറമ്പിൽ, പിഴല | 500 |
| 18. | വർഗീസ് പടനിലത്ത്, മുപ്പത്തടം | 5,000 |
| 19. | അഭ്യുദയകാംഷി, എറണാകുളം | 1,00,000 |

# SAVE A FAMILY PLAN വാർത്തകൾ

## FDP Food Kit വിതരണം



ഓണത്തോടനുബന്ധിച്ച് FDPഫാമിലിയ്ക്ക് രാജഗിരി കോളേജിലെ MSW Students ഉം ലൂർദ് ഹോസ്പിറ്റലും ചേർന്ന് 25 ഓണക്കിറ്റ് നൽകുകയുണ്ടായി. സിനിമാ താരങ്ങളായ സിജോ വർഗ്ഗീസും, കൈലാഷ് മേനോനും ചേർന്നാണ് കിറ്റ് വിതരണം നടത്തിയത്.

## FDP റീജിയണൽ ലെവൽ മീറ്റിംഗ്



**എറണാകുളം മേഖലയുടെ** റിജിയണൽ ലെവൽ മീറ്റിംഗ് ഇ.എസ്.എസ്.എ സിൽ വച്ച് കൂടുകയുണ്ടായി. ഡയറക്ടറച്ചന്റെ അഭാവത്തിൽ കോഡിനേറ്റർ ശ്രീമതി സീമ റോയി അധ്യക്ഷത വഹിച്ചു. കൂനമ്മാവ് സോൺ ആനിമേറ്റർ ഡെഫ്രീന മെന്റസ് യോഗത്തിന് സ്വാഗതമർപ്പിച്ചു. എറണാകുളം റീജിയൻ ആനിമേറ്റർ റോസി സേവ്യർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പ്രളയം മൂലം ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ സൊസൈറ്റി കുറെയൊക്കെ പരിഹരിച്ചു. ഇനി ദുരന്തമുണ്ടായാൽ അതിൽ നിന്ന് രക്ഷനേടാൻ ഗൃഹസുരക്ഷ പദ്ധതി തുടങ്ങിയിട്ടുണ്ടെന്നും അതിൽ എല്ലാവരും വീട് ഇൻഷുർ ചെയ്യണമെന്നും 15 വയസ്സിന് താഴെ പെൺകുട്ടികൾ ഉള്ളവർ പ്രധാനമന്ത്രിയുടെ സുകന്യ പദ്ധതിയിൽ പോസ്റ്റോഫീസിൽ അംഗമാകണമെന്നും അറിയിച്ചു. 68 അംഗങ്ങൾ പങ്കെടുത്തു. സമൃദ്ധി യോജന ഗുണഭോക്താവ് ഷീബ ടൈറ്റസിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

**കൂനമ്മാവ് മേഖലയുടെ** റിജിയണൽ ലെവൽ മീറ്റിംഗ് ഇ.എസ്.എസ്.എസ്. ഹാളിൽവച്ച് കൂടി. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് ആനിമേറ്റർ റോസി സേവ്യർ സ്വാഗതമാശംസിക്കുകയും സോണൽ ആനിമേറ്റർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഇ.എസ്.എസ്.എസ്. ഡയറക്ടർ റവ. ഫാ. മാർട്ടിൻ അഴിക്കകത്തിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ ഫാ. മെർട്ടൻ ഡിസിൽവ, FDP കോഡിനേറ്റർ ശ്രീമതി സീമ റോയി എന്നിവർ സന്നിഹിതരായിരുന്നു. 93 അംഗങ്ങൾ പങ്കെടുത്തു. ഗുണഭോക്താവ് ഫിലോമിന സാന്റിയുടെ നന്ദിയർപ്പണത്തോടെ യോഗം അവസാനിച്ചു.

## ഹോപ്പ് & ഹെൽപ്പ്

### ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സഹായം

രെഹാസിസ് പ്രോഗ്രാം പദ്ധതിയിലൂടെ 32 ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ESSS വഴി 5,40,000 രൂപ സഹായം നൽകി. പുതിയതായി തിരഞ്ഞെടുത്ത 22 കുടുംബങ്ങൾക്ക് 20,000 രൂപയും 10 കുടുംബങ്ങൾക്ക് 10,000 രൂപയുമാണ് നൽകിയത്.

**20,000 രൂപ ധനസഹായം ലഭിച്ചവർ**

1. ലിക്സൻ സേവ്യർ തൈപറമ്പിൽ, ഏലൂർ സൗത്ത്
2. ഇഷാൻ മഹാദേവ് വല്ലയായിൽ, പനങ്ങാട്
3. അനുമോൾ വർഗ്ഗീസ് പുന്നക്കൽ, ഏലൂർ സൗത്ത്
4. നിധിൻ ടി.എൻ. തട്ടാരശ്ശേരി, കൊങ്ങോർപ്പിള്ളി
5. അബ്ദുൾ റാഫ് തച്ചോരപറമ്പിൽ, നീറിക്കോട്
6. ജോസ് പി.ടി. പുതുശ്ശേരി, നീറിക്കോട്
7. മീര കെ.ടി. കുന്നുതറ, നീരിക്കോട്
8. സതി വി.എ. വല്ലാപ്പിള്ളിക്കാട്, നീറിക്കോട്
9. അഭിജിത്ത് മങ്ങാട്ട്, നീറിക്കോട്
10. നിഷ ബിനീഷ് ചക്കാലപറമ്പിൽ, തേവര
11. എൻ.ജെ. സെബാസ്റ്റിൻ ഞാറുകാട്ട്, തേവര
12. റിനീഷ് തോമസ് അന്തിക്കാട് ഹൗസ്, കൂനമ്മാവ്
13. ദുമ്മിനി ഗോസ് വിനിമോൾ മാപ്പിളശ്ശേരി, ചേന്നൂർ
14. അബ്രോസ് പ്ലാവിൻചുവട്ടിൽ, മഞ്ഞനക്കാട്
15. ആൻമേരി അലീന കളപ്പുരക്കൽ, വരാപ്പുഴ
16. വിനീഷ രതീഷ് വെളുത്തേരിയിൽ, വരാപ്പുഴ
17. ബിന്ദു അഗസ്റ്റിൻ പുനത്തിൽ, വരാപ്പുഴ
18. ആന്റണി യോഹൻ കുരിശിങ്കൽ, വരാപ്പുഴ
19. യോഹന്നി ടോമി മാതിരപ്പിള്ളി, സൗത്ത് ചിറ്റൂർ
20. സിബില ബിനു അന്തിക്കാട്, മാഞ്ഞാലി
21. എൽസി വിൻസെന്റ് കൂടാനപറമ്പിൽ, ഏലൂർ
22. ഫിലോമിന പനക്കൽ, ഏലൂർ

**10,000 രൂപ ധനസഹായം ലഭിച്ചവർ**

1. പ്രസന്ന തിലകൻ പുതുകുടിപറമ്പ്, ബോൾഗാട്ടി
2. ബെന്നി പി.ജെ. ഇടംമ്പാടം, വരാപ്പുഴ
3. ജിൻസി അംബ്രോസ് കളത്തിപ്പറമ്പിൽ, നായരമ്പലം

4. ആലീസ് വർഗ്ഗീസ് പടക്കാട്ട്, വരാപ്പുഴ
5. അലൻ ജോർജ്ജ് മാതിരപ്പള്ളി, ഇടയക്കുന്നം
6. ശകുന്തള കാവുങ്കൽ, ചേരാനല്ലൂർ
7. ആഷിൻ പീറ്റർ തോട്ടകത്ത്, കൊങ്ങോർപ്പിള്ളി
8. ഇഗ്നേഷ്യസ് ഷൈമോൻ കാക്കിരിയിൽ, മാലിപ്പുറം
9. ബേബി എ.പി. വാഴ്‌വേലി, വള്ളുവള്ളി
10. റീന സേവ്യർ കടേപ്പറമ്പിൽ, കൊങ്ങോർപ്പിള്ളി

## ലോക ഭിന്നശേഷി ദിനം – ബോധവത്ക്കരണ ക്ലാസ്



അംഗവൈകല്യം സംഭവിച്ചവർക്കും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുമുള്ള വിവിധ ഇനം സാമൂഹ്യസുരക്ഷാപദ്ധതികളെക്കുറിച്ച് ഇ.എസ്.എസ്.എസിൽ വച്ച് ബോധവത്ക്കരണ ക്ലാസ് നടത്തുകയുണ്ടായി ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് സംസാരിച്ചു. സി. ക്രിസ്റ്റി മരിയ സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് നൽകി. പങ്കെടുത്തവർക്ക് സമ്മാനവും നൽകി.

## ദർശൻ – സാമൂഹ്യ സുരക്ഷാ കോഡിനേറ്റർ പരിശീലനം

**കലൂർ, സെന്റ് ഫ്രാൻസിസ് സേവ്യർ, പാലാരിവട്ടം – സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, കാക്കനാട് – സെന്റ് മൈക്കിൾസ് ചർച്ച്** എന്നീ ഇടവകകളിലെ കേന്ദ്രസമിതി അംഗങ്ങൾക്കും സോഷ്യൽ മിനിസ്ട്രി കോഡിനേറ്റർമാർക്കുമായി ദർശന്റെ ഇടവകതല ട്രെയിനിംങ് സംഘടിപ്പിച്ചു. സോഷ്യൽ മിനിസ്ട്രി ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് ക്ലാസ് നയിച്ചു. ഇടവക കേന്ദ്ര സമിതി നേതൃത്വം വഹിച്ചു.

**ക്രൈസ്റ്റ് നഗർ** : ഏഴാം ഫൊറോനയുടെ ഫൊറോന തല ദർശൻ പരിശീലന പരിപാടി ക്രൈസ്റ്റ് നഗറിൽ വച്ച് ഫൊറോന വികാരി ആന്റണി കോപ്പാണ്ടിശ്ശേരി ഉദ്ഘാടനം നിർവഹിച്ചു. ഫൊറോന ബി.സി.സി. ഡയറക്ടർ ഫാ. സെബാസ്റ്റിൻ മൂന്നുകൂട്ടുങ്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ സാമൂഹ്യശുശ്രൂഷ ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് ക്ലാസ് നയിച്ചു. ഇടവക വികാരി ഫാ. ഷെൽബിൻ വാരിയത്ത്, ഫൊറോന ബി.സി.സി. ലീഡർ മോബിൻ, ഫൊറോന സോഷ്യൽ മിനിസ് ട്രി കോഡിനേറ്റർ ബെനഡിക്ട് എന്നിവർ സംസാരിച്ചു. സാമൂഹ്യശുശ്രൂഷ സ്റ്റാഫ് കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി നേതൃത്വം നൽകി.

***ഗാന്ധിനഗർ*** : 2-ാം ഫൊറോനയുടെ ഫൊറോനതല' ദർശൻ പരിശീലന പരിപാടി ഗാന്ധിനഗറിൽ വച്ച് ഇടവക വികാരി ഫാ. ജോംസൺ തോട്ടുങ്കലിന്റെ പ്രാർത്ഥനാശംസകളോടെ ആരംഭിച്ചു. തുടർന്ന് അതിരൂപത സാമൂഹ്യശുശ്രൂഷ ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് ക്ലാസ് നയിച്ചു. സോഷ്യൽ മിനിസ്ട്രി സ്റ്റാഫ് കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി ബി.സി.സി. ലീഡർ, ഫൊറോന സാമൂഹ്യശുശ്രൂഷ ലീഡർ മിനിമോൾ എന്നിവർ നേതൃത്വം നൽകി.

# സായംപ്രഭ

## വയോജന സാമൂഹ്യസുരക്ഷാപദ്ധതി



തോമസ്പുരം സെന്റ് തോമസ് ചർച്ച് പാരീഷ് ഹാളിൽവച്ച് ഇ.എസ്.എസ്.എസ്. സായംപ്രഭ ഗ്രൂപ്പ് അംഗങ്ങളും വാർഡ് കൗൺസിലർമാരുമായുള്ള യോഗം നടത്തി. പ്രസ്തുത മീറ്റിംഗിൽ മരട് മുൻസിപാലിറ്റിയുടെ കീഴിൽ വയോജനങ്ങൾക്ക് അർഹമായ പദ്ധതി കളെക്കുറിച്ചും, ആനുകൂല്യങ്ങളെക്കുറിച്ചുമാണ് കൗൺസിലേഴ്സ് സംസാരിച്ചത്. കൗൺസിലർ മാരായ ആന്റണി ആശാൻപറമ്പിൽ, സുരേഷ് ബാബു, മോളി ജെയിംസ് എന്നിവരും ഇ.എസ്. എസ്.എസ്. പ്രവർത്തകരും 42 വയോജന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു.

## മെഴുകുതിരി നിർമ്മാണ പരിശീലനം നടത്തി



തൈക്കൂടം സെന്റ് റാഫേൽ ചർച്ച് പാരീഷ് ഹാളിൽ വച്ച് സായംപ്രഭ വയോജന അംഗങ്ങൾക്കായി ഇ.എസ്.എസ്.എസിന്റെ നേതൃ ത്വത്തിൽ കോർഡിനേറ്റർ ലിജി. ടി.ജെ. മെഴു കുതി നിർമ്മാണ പരിശീലനം നടത്തി. പ്രസ്തുത പരിപാടിയുടെ ഉത്ഘാടന കർമ്മം ഇടവകവികാരി ഫാ. ജോൺസൺ ഡിക്കൂഞ്ഞ നിർവഹിച്ചു. പരിശീലനത്തിൽ 45 പേർ പങ്കെടു ത്തു.

# വനിതാ സ്വയം സഹായസംഘങ്ങൾ

## നേതൃത്വപരിശീലനം





എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംസ ഹായ സംഘത്തിനു നേതൃത്വപരിശീലനം നവംബർ 5, 6, 7 എന്നീ തീയതികളിൽ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഹാളിൽ സംഘടിപ്പിച്ചു. 288 സംഘത്തിൽനിന്നും 632 പേർ പങ്കെടുത്തു. ഫാ. മാർട്ടിൻ അഴിക്കകത്ത് സി. ക്രിസ്റ്റി മരിയ, ശ്രീമതി ശോഭ ജോസ്, ശ്രീമതി ഷെറിൻ ബാബു, ശ്രീമതി ആനി റോബർട്ട് എന്നിവർ ക്ലാസ് നയിച്ചു.

## മെഴുകുതിരി നിർമ്മാണ പരിശീലന ക്ലാസ്

എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മട്ടാഞ്ചേരി ജയിൽ അന്തേവാസികൾക്കായി 2019 സെപ്തംബർ 25-ന് മെഴുകുതിരി നിർമ്മാണ പരിശീലന ക്ലാസ് നടത്തി. 112 പേർ ക്ലാസിൽ പങ്കെടുത്തു. ലിജി ജോർജ്, സീമ റോയി എന്നിവർ ക്ലാസ് നയിച്ചു.



## വായ്പാ മേള സംഘടിപ്പിച്ചു



പീപ്പിൾസ് അർബൻ ബാങ്കിന്റെ പീപ്പിൾസ് ആശ്രയ ലോൺസ് സ്കീം പ്രകാരം ഇ.എസ്.എസ്.എസിന്റെ 41 സ്വയം സഹായസംഘങ്ങൾക്കായി വായ്പാ മേള സംഘടിപ്പിച്ചു. ബാങ്കിന്റെ ഹെഡ് ഓഫീസിൽ നടന്ന മേള റവ. ഫാ. മാർട്ടിൻ അഴിക്കകത്ത് ഉദ്ഘാടനം ചെയ്തു. വായ്പാ വിതരണം ബാങ്ക് ചെയർമാൻ സി.എൻ. സുന്ദരൻ നിർവഹിച്ചു. വൈസ് ചെയർമാൻ സൈഗാൾ അധ്യക്ഷത വഹിച്ചു. ജനറൽ മാനേജർ ജയ പ്രസാദ്, ഫാ. മെൽട്ടൺ ഡിസിൽവ എന്നിവർ പങ്കെടുത്തു. **2 കോടി 74 ലക്ഷത്തി അമ്പതിനായിരം രൂപയാണ് വായ്പ നൽകിയത്.**

| | | | |
|---|---|---|---|
| 1 | കാരുണ്യ സ്വയം സഹായ സംഘം | നായരമ്പലം | 400000 |
| 2 | ഐശ്വര്യ | സ്കൂൾമുറ്റം | 550000 |
| 3 | വിശ്വഭാരതി | എടനക്കാട് | 450000 |
| 4 | ശ്രദ്ധ | നായരമ്പലം | 500000 |
| 5 | എവർഗ്രീൻ | നായരമ്പലം | 500000 |
| 6 | കീർത്തന | നായരമ്പലം | 500000 |
| 7 | ആശ്രയ | നായരമ്പലം | 500000 |
| 8 | സ്നേഹദീപം | നായരമ്പലം | 450000 |
| 9 | സ്നേഹധാര 11 | നെടുങ്ങാട് | 500000 |
| 10 | സാഫല്ല്യം | ഞാറയ്ക്കൽ | 450000 |
| 11 | മഹിമ | മുരിക്കുംപ്പാടം | 650000 |
| 12 | കീർത്തി | എടവനക്കാട് | 650000 |
| 13 | ജനനി | മാനാട്ടുപ്പറമ്പ് | 750000 |
| 14 | അക്ഷര | എടനക്കാട് | 500000 |
| 15 | വർഷ | പുതുവൈപ്പ് | 900000 |
| 16 | സ്നേഹസംഗീതം | പെരുംമ്പിള്ളി | 750000 |

| | | |
|---|---|---|
| 17 ലേഡിഡൗസ് | വടുതല | 600000 |
| 18 അഭയ | ചേരാനല്ലൂർ | 600000 |
| 19 ശാലോം | വടുതല | 800000 |
| 20 കീർത്തി | ചേരാനല്ലൂർ | 700000 |
| 21 അഭിലാഷ് | മുളവുകാട് | 900000 |
| 22 പുലരി | ചേരാനല്ലൂർ | 700000 |
| 23 വികാസ് | മുളവുകാട് | 500000 |
| 24 ഐശ്വര്യ | ഉണിച്ചിറ | 750000 |
| 25 ഐശ്വര്യ | കടമകുടി | 500000 |
| 26 തേജസ് | ചേരാനല്ലൂർ | 750000 |
| 27 പ്രിയദർശിനി | ഇടയകുന്നം | 600000 |
| 28 തേജസ് | ഉണിച്ചിറ | 350000 |
| 29 സ്നേഹദീപം | ഉണിച്ചിറ | 600000 |
| 27 ഐശ്വര്യ | ചാത്തിയാത്ത് | 650000 |
| 28 ശ്രേയസ് | ചേരാനല്ലൂർ | 900000 |
| 29 കൃപ | നോർത്ത് ഇടപ്പള്ളി | 800000 |
| 30 വാത്സല്ല്യം | മുളവുകാട് | 400000 |
| 31 മേരിമാത | വടുതല | 900000 |
| 32 ഓർക്കിട് | ഇളമക്കര | 750000 |
| 33 നിർമ്മൽ | മുളവുകാട് | 700000 |
| 34 സഹൃദയ | തൈകൂടം | 900000 |
| 35 പ്രാർത്ഥന | തൈകൂടം | 600000 |
| 36 ഷാലിമാർ | എടവനക്കാട് | 550000 |
| 37 ജ്ഞാനോദയം | സ്കൂൾമുറ്റം | 700000 |
| 38 ആശ്വാസ് | ഓച്ചംതുരുത്ത് | 350000 |
| 39 അരുവി | ഉദയംപേരൂർ | 750000 |
| 40 ഉദയ | ഉദയംപേരൂർ | 700000 |
| 41 നന്മ | പൊന്നാരിമംഗലം | 500000 |
| | | **2,74,50,000** |



## പുരുഷ സ്വയം സഹായസംഘങ്ങൾ

### 1 –ാംമേഖല സംഗമം നടത്തി



എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒന്നാം മേഖലയിലുള്ള തൊഴിലാളി സ്വാശ്രയ സംഘത്തിന്റെ ലീഡേഴ്സിന് വേണ്ടി മീറ്റിംഗ് നടത്തി. ഇ.എസ്.എസ്.എസ്. ഡയറക്ടർ. ഫാ.മാർട്ടിൻ അഴിക്കകത്ത് ക്ളാസിന് നേതൃത്വം നൽകി. 82 പേർ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിൽ മേഖല കോഡിനേറ്റർ വിപിൻ ജോ, സാലി സാബു, ആനിമേറ്റർ മാർട്ടിൻ പനയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

### 2 –ാംമേഖല സംഗമം നടത്തി



എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ടാം മേഖലയിലുള്ള തൊഴിലാളി സ്വാശ്രയ സംഘത്തിന്റെ ലീഡേഴ്സിനുവേണ്ടി വടുതല സെന്റ് ആന്റണി പള്ളി ഹാളിൽ വച്ച് വി വൺ ഫെഡറേഷൻ പ്രസിഡന്റ് നെൽസന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ ഇ.എസ്.എസ്.എസ്.ഡയറക്ടർ. ഫാ.മാർട്ടിൻ അഴിക്കകത്ത് ക്ലാസിന് നേതൃത്വം നൽകി. 99 പേർ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിൽ മേഖല കോഡിനേറ്റർ ജോസി കൊറ്റിയാത്ത്, ആനിമേറ്റർ മാർട്ടിൻ പനയ്ക്കൽ എന്നിവർ പങ്കെടുത്തു.

### 5, 6, 7 മേഖല സംഗമം നടത്തി



എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 5,6,7 മേഖലയിലുള്ള തൊഴിലാളി സ്വാശ്രയ സംഘത്തിന്റെ ലീഡേഴ്സിന് വേണ്ടി കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളി ഹാളിൽവച്ച് ഫാ.ഡിക്സൻ ഫെർണാണ്ടസ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ ഇ.എസ്.എസ്.എസ്.ഡയറക്ടർ. ഫാ.മാർട്ടിൻ അഴിക്കകത്ത് ക്ലാസിന് നേതൃത്വം നൽകി. 269 പേർ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിൽ മേഖല കോഡിനേറ്റർ സാലി സാബു, ആനിമേറ്റർ മാർട്ടിൻ പനയ്ക്കൽ എന്നിവർ പങ്കെടുത്തു.

### നേതൃത്വ പിരിശീലന പരിപാടി സംഘടിപ്പിച്ചു

എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പുതിയ പുരുഷ സ്വയം സഹായ സംഘങ്ങളുടെ ലീഡേഴ്സിന് വേണ്ടി ഇ.എസ്.എസ്.എസ്. ഹാളിൽ വച്ച്



നേതൃത്വപരിശീലന പരിപാടി സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത്, സാലി സാബു, മാർട്ടിൻ പനയ് ക്കൽ എന്നിവർ ക്ലാസിന് നേതൃത്വം നൽകി. 164 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## രക്തദാന /പ്രമേഹ നിർണ്ണയ ക്യാമ്പ് നടത്തി

എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന തമ്മനത്തുള്ള യംഗ് അലയൻസ് 20 പുരുഷ സ്വയം സഹായ സംഘം, കൊച്ചിൻ ബ്ളഡ് ഡോണേഴ്സ് ഫോറത്തിന്റെയും, ബ്ളഡ് ബാങ്ക് കൊച്ചിയുടേയും സംയുക്താഭിമുഖ്യത്തിൽ രക്തദാന/പ്രമേഹ നിർണ്ണയ ക്യാമ്പ് നടത്തി



## ചേന്നൂർ – കോതാട് ഫെറി ആരംഭിച്ചു





എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോതാട് കരുണ പുരുഷ സ്വയം സഹായ സംഘം ചേന്നൂർ കോതാട് ഫെറി സർവ്വീസ് ആരംഭിച്ചു

## പൂക്കളമത്സര സമ്മാനദാന ചടങ്ങ് നടത്തി

കൈരളി ഫെഡറേഷൻ പോണേൽ പൂക്കള മത്സര സമ്മാനദാന ചടങ്ങ് നടത്തി. ഫസ്റ്റ് പ്രൈസ് ശാലോം പുരുഷ സംഘം, സെക്കന്റ് പ്രൈസ് പ്രതീക്ഷ പുരുഷ സംഘം, തേഡ് പ്രൈസ് ഹാർമണി പുരുഷ സംഘം എന്ന ക്രമത്തിൽ കരസ്ഥമാക്കി.



## സൗജന്യ ദന്തപരിശോധന ക്യാമ്പ് നടത്തി

വടുതല ആംഗ്ളോ ഇന്ത്യൻ സ്കൂൾ ഹാളിൽ വച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും, എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്യാലക്സി പുരുഷ സ്വയം സഹായ സംഘവും സംയുക്തമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.



ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ.മാർട്ടിൻ അഴിക്കകത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി



ഇ.എസ്.എസ്.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദയകേരളം പുരുഷ സ്വയം സഹായ സംഘം കൈയന്റിക്കര ലൂർദ് ഹോസ്പിറ്റലുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി. ഇ.എസ്.എസ്. എസ്.ഡയറക്ടർ ഫാ.മാർട്ടിൻ അഴിക്കകത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു

## റോയൽ മെറിറ്റ് ഈവ് 2019




ചിറ്റൂർ ദേശത്തുനിന്നും എസ്.എസ്. എൽ.സി., പ്ളസ്ടു, ഡിഗ്രി, പ്രൊഫഷണൽ ഡിഗ്രി പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങിയ എല്ലാവർക്കും, കൂടാതെ സെന്റ് മേരീസ് യു.പി. സ്കൂളിൽ നിന്നും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കും എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന റോയൽ പുരുഷ സ്വയം സഹായ സംഘം ചിറ്റൂർ അവാർഡ് നൽകി ആദരിച്ചു. ഈ പരിപാടിയുടെ ഉദ്ഘാടനം പ്രശസ്ത കവിയും, 2018 ലെ സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രി. എസ്. രമേശൻ, അവാർഡ് ദാനവും, മുഖ്യപ്രഭാക്ഷണവും ഇ.എസ്.എസ്. എസ്. ഡയറക്ടർ ഫാ.മാർട്ടിൻ അഴിക്കകത്തും നിർവ്വഹിച്ചു. അസി.പ്രിൻസിപ്പാൾ,ഗ്ളോബൽ പബ്ളിക് സകൂൾ,എറണാകുളം ശ്രീമതി സരിത ജയരാജ്,അസി.വികാരി, ഹോളി ഫാമിലി ചർച്ച്, ചിറ്റൂർ, റവ.ഫാ.ജോർജ് ജിത്തുവട്ടപ്പിള്ളി, ഹെഡ്മാസ്റ്റർ സെന്റ് മേരീസ് യു.പി.സ്കൂൾ ചിറ്റൂർ ശ്രി. ആന്റണി. വി.എക്സ് വെള്ളോളിൽ, വില്ലേജ് വാളന്റിയർ ഇ.എസ്.എസ്.എസ്. ശ്രീമതി ആനി ജോസഫ് വെള്ളോളിൽ, പ്രോഗ്രാം കോഡിനേറ്റർ ശ്രി.ആന്റണി റാഫേൽ കുന്നപ്പിള്ളി,വൈസ് പ്രസിഡന്റ് റോയൽ മെൻ ഗ്രൂപ്പ്, ശ്രീ.ജോർജ് ജോളി എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. അതിനുശേഷം യോഗപ്രകടനവും, ഡാൻസും, ലഘുനാടകവും അരങ്ങേറി.

## തിരുനാൾ നടത്തി



തെക്കൻ ചിറ്റൂർ തിരുകുടുംബ ദേവാലയത്തിൽ വി.യൂദാതദേവൂസ് പുണ്യാളന്റെ തിരുന്നാൾ ദിനത്തിൽ വൈദികരോടൊപ്പം പ്രസുദേന്തിമാരായ ചിറ്റൂർ റോയൽ പുരുഷ സ്വയം സഹായ സംഘാംഗങ്ങൾ.

## ആശംസകൾ നേരുന്നു

വാർഷിക ആഘോഷങ്ങൾ നടത്തിയ പാലാരിവട്ടം സാന്ത്വനം പുരുഷ സ്വയംസഹായ സംഘത്തിനും, തേവര ഫീനിക്സ് പുരുഷ സ്വയംസഹായ സംഘത്തിനും, തേവര നവജ്യോതി പുരുഷ സ്വയം സഹായ സംഘത്തിനും, കാരിക്കാട്ടുതുരുത്ത് കാരുണ്യ പുരുഷ സ്വയംസഹായ സംഘത്തിനും, പോണേക്കര ഐശ്വര്യ പുരുഷ സ്വയം സഹായ സംഘത്തിനും, ഓച്ചംതുരുത്ത് സാന്ത്വനം പുരുഷ സ്വയം സഹായ സംഘത്തിനും, മാമഗലം പ്രത്യാശ പുരുഷ സ്വയംസഹായ സംഘത്തിനും, നെട്ടൂർ മഹാത്മ പുരുഷ സ്വയംസഹായ സംഘത്തിനും, കലൂർ സേവന പുരുഷ സ്വയംസഹായ സംഘത്തിനും, മരോട്ടിച്ചോട് തണൽ പുരുഷ സ്വയം സഹായ സംഘത്തിനും, വടുതല മോർണിംഗ് സ്റ്റാർ പുരുഷ സ്വയം സഹായ സംഘത്തിനും, നെട്ടൂർ ഡയമണ്ട് പുരുഷ സ്വയം സഹായ സംഘത്തിനും, വടുതല ദീപം പുരുഷ സ്വയം സഹായ സംഘത്തിനും, ഏരൂർ നിള പുരുഷ സ്വയം സഹായ സംഘത്തിനും, നന്മ ഫെഡറേഷൻ കലൂരിനും ഇ.എസ്.എസ്.എസ്.കുടുംബത്തിന്റെ ആശംസകൾ.

## ഗാർഹീക തൊഴിലാളി ഫോറം



**സെപ്റ്റംബർ** മാസത്തെ ലീഡേഴ്സ് മീറ്റിംഗ് ഇ.എസ്.എസ്.എസ് ഹാളിൽ വച്ച് ഓണാഘോഷത്തോടെ ആരംഭിച്ചു. കെ.എൽ.എം. രൂപത സെക്രട്ടറി ബിജൂ പുത്തൻപുരയ്ക്കൽ തൊളിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുന്നതിനെക്കുറിച്ചും ലേബർ കോഡിനെക്കുറിച്ചും സംസാരിച്ചു. 40 ലീഡേഴ്സ് പങ്കെടുത്തു.

**ഒക്ടോബർ** മാസത്തെ ലീഡേഴ്സ് മീറ്റിംഗ് ഇ.എസ്.എസ്.എസ്. ഹാളിൽ വച്ച് കെ.എൽ.എം. രൂപത ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്തിന്റെ അധ്യക്ഷതയിൽ നടത്തി. സ്ത്രീകൾക്കെതിരെ സമൂഹത്തിൽ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് റിട്ടയർ സി.ഐ. ഫ്രാൻസീസ് പേരേര ക്ലാസ് എടുത്തു. 65 ലീഡേഴ്സ് പങ്കെടുത്തു.

**നവംബർ** മാസത്തെ ലീഡേഴ്സ് മീറ്റിംഗ് 3-11-2019 ഞായർ 2.30ന് ഇ.എസ്.എസ്.എസ്. ഹാളിൽ നടത്തുകയുണ്ടായി. കെ.എൽഎം. രൂപത ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് ചടങ്ങ് ഉത്ഘാടനം ചെയ്തു. അസംഘടിതതൊഴിലാളികൾ സമൂഹത്തിൽ കൂടുതൽ അംഗീകാരം ലഭിക്കേണ്ടവർ ആണ് എന്നും അസംഘിത തൊഴിലാളികൾ സമൂഹനിർമിതിയിലും രാഷ്ട്രപുരോഗതിയിലും വലിയ പങ്കു വഹിക്കുന്നവർ ആണെന്നും ഉത്ഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. തുടർന്ന് പ്രശസ്ത മോട്ടിവേഷൻ ട്രെയിനർ ശ്രീ. ജോബി തോമസ് സരസവും ലളിതവും ആയ ശൈലിയിൽ നേതൃത്വ പരിശീലനം നൽകി.

## കെ. എൽ. എം.



ഓച്ചൻതുരുത്ത് നിത്യസഹായമാതാ ഇടവകയിൽ ഇടവക വികാരി ഫാ. റോണി മനക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന തൊഴിലാളി സംഗമത്തിൽ ശ്രീ. ജോസഫ് ജൂഡ് ക്ലാസ്സെടുത്തു. തുടർന്ന് ഇടവകയിൽ കെ.എൽഎം.ന്റെ യൂണിറ്റ് ആരംഭിച്ചു. കേന്ദ്ര സമിതി നേതൃത്വം നൽകി.

കുരിശിങ്കൽ ക്രൂസ് മിലാഗ്രെസ് ചർച്ചിൽ ഇടവക വികാരി റവ.ഫാ. ആന്റണി ചെറിയകടവിലിന്റെ അധ്യക്ഷ തയിൽ ഇടവകയിലുള്ള എല്ലാ അസംഘടിതതൊഴി ലാളികളെയും സംഘടിപ്പിച്ചു നടത്തിയ സെമിനാർ ശ്രീ. ജോസഫ് ജൂഡ് ക്ലാസ്സെടു



ത്തു. തുടർന്ന് ഇടവകയിൽ കെ.എൽഎം. ന്റെ യൂണിറ്റ് ആരംഭിച്ചു. ഇടവക സോഷ്യൽ മിനിസ്ട്രി കോഡിനേറ്റർ ശ്രീ. ജോസഫ് കളത്തിപറമ്പിൽ നേതൃത്വം നൽകി.

സി.ബി.സി.ഐ. ലേബർ കമ്മീഷൻ, വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ, കേരള ലേബർ മൂവ്മെന്റുമായി സഹകരിച്ച് കാരിത്താസ് ഇറ്റലിയയുടെ സഹായത്തോടെ പ്രളയ മേഖലകളിലെ സ്ത്രീ തൊഴിലാളികൾക്ക് നല്കുന്ന സഹായത്തിന്റെ മൂന്നാം ഘട്ടമായി വരാപ്പുഴ രൂപതയിലെ കൂനമ്മാവ്, തേവർക്കാട്, മുട്ടിനകം, കോതാട് ഇടവകളിലെ കെ.എൽ.എം. യൂണിറ്റുകളിലൂടെ 20 സങ്കരയിനം ആടുകളെ വിതരണം ചെയ്തു.

## കെ.എൽ.എം. യൂണിറ്റ് ഫോർമേഷൻ

തേവര, ക്രിസ്തുനഗർ, പോഞ്ഞാശ്ശേരി, മുട്ടിനകം, ഓച്ചംതുരുത്ത് എന്നീ ഇടവകകളിൽ കെ. എൽ.എം. യൂണിറ്റ് ആരംഭിച്ചു.

## കെ.ടി.ഡ്ബ്ള്യു.എഫ് യൂണിറ്റ് ഫോർമേഷൻ

വാടേൽ ഇടവകകളിൽ കെ.ടി.ഡബ്ള്യു.എഫ്.യൂണിറ്റ് ആരംഭിച്ചു.

## കെ.എം.റ്റി.എഫ് യൂണിറ്റ് ഫോർമേഷൻ

കേരളമത്സ്യതൊഴിലാളി ഫോറം (കെ.എം.റ്റി.എഫ്) വൈപ്പിൻ മേഖല രൂപീകരണയോഗം വൈപ്പിൻ പെരുമാൾപ്പടി സെന്റ് സെബാസ്റ്റിൻ ദേവാലയത്തിൽ നടന്നു.

## ഗൃഹ സുരക്ഷ ഇൻഷുറൻസ്



എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ന്യൂ ഇന്ത്യാ അഷുറൻസ് കമ്പനിയും സംയുക്തമായി നടപ്പിലാക്കുന്ന “ഗൃഹസുരക്ഷ”യുടെ ആദ്യ ഗഡു പ്രീമിയം ഇൻഷുറൻസ് കമ്പനിക്ക് കൈമാറി.

കെട്ടിട നമ്പർ ഉള്ള എല്ലാ വാസയോഗ്യമായതും കേടുപാടുകൾ ഇല്ലാത്തതും 15 വർഷത്തിലേറെ കാല പഴക്കം ഇല്ലാത്തും ആയ സ്വന്തം ഭവനം ഈ പദ്ധതി യിൽ ഉൾപെടുത്താം. വീടിന്റെ വിലയായി പരിഗണിക്കു ന്നത്- നിലവിലുള്ള വീടിന് നാശനഷ്ടം സംഭവിക്കുക യാണെങ്കിൽ പുതിയത്/ പുതുക്കി പണിയുന്നതിന് വേണ്ടി വരുന്ന തുക ആയിരിക്കും. ഒരു ലക്ഷം രൂപയ്ക്ക് 40 രൂപ പ്രീമിയം. ഏറ്റവും കുറഞ്ഞത് 5 ലക്ഷത്തിന്റെ വീട്

<u>അപേക്ഷ ഫോമിന്റെ ഒപ്പം നൽകേണ്ട മറ്റ് രേഖകൾ</u>

* നടപ്പ് വർഷത്തെ കെട്ടിട നികുതി അടച്ച രസീത്
* ഉടമസ്ഥന്റെ ആധാർ കോപ്പി.
* പൂരിപ്പിച്ച അപേക്ഷാഫോറം

## LIC ജനറൽ ഇൻഷുറൻസ് പോളിസി

എൽ.ഐ.സി.യുടെ വ്യക്തിഗത ജനറൽ ഇൻഷുറൻസ് പോളിസി.

വർഷത്തിൽ 180/- രൂപാ പ്രീമിയം അടച്ച് ഏതുവിധത്തിലുള്ള മരണം സംഭവിച്ചാലും 45000/- രൂപാ അവകാശിക്കു ലഭിക്കുന്നു.

പ്രായം 18 വയസ്സു മുതൽ 59 വയസ്സുവരെ.

## കുട്ടികളുടെ ഇൻഷുറൻസ്

എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വരാപ്പുഴ അതിരൂപത മതബോധന വിഭാഗവും, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും സംയുക്തമായി നടപ്പാക്കുന്ന **വേദപാഠ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള അപകട ഇൻഷുറൻസ് പദ്ധതി**

**വാർഷീക പ്രീമിയം : 90 രൂപ മാത്രം**

**ആനുകൂല്യങ്ങൾ:**

- കുട്ടിക്കും ഒരു രക്ഷിതാവിനും (വരുമാനമുള്ള) ആയിരിക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്
- മരണം സംഭവിക്കുകയോ, പൂർണ്ണമായി അംഗവൈകല്യം സംഭവിച്ച് ജോലി ചെയ്യാൻ പറ്റാതെ വരികയും ചെയ്താൽ മാത്രം പരിരക്ഷ.
- കുട്ടി അപകടം മൂലം 24 മണിക്കൂർ ആശുപത്രിയിൽ കിടന്നാൽ ഒരു വർഷം കിട്ടുന്ന പരമാവധി ചികൽസാ തുക 25000 രൂപ
- കുട്ടിക്ക് അപകടം മൂലം മരണം സംഭവിച്ചാൽ 1,00,000/ രൂപയും, രക്ഷിതാവിന് മരണം സംഭവിച്ചാൽ 2,00,000 രൂപയും ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഇ.എസ്.എസ്.എസ് ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ നമ്പർ: 0484 2390461/0484 2396682

## കുട്ടിക്കൂട്ടം

### സൈബർസെല്ലിന്റെ ക്ലാസ്



തൈക്കൂടം സെന്റ് അഗസ്റ്റിൻ യു.പി. സ്കൂളിൽ കുട്ടിക്കൂട്ടം ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൈബർസെല്ലിന്റെ ക്ലാസ് ഇടവക വികാരി ഫാ. ജോൺസൻ ഡിക്കുഞ്ഞ ഉദ്ഘാടനം നിർവഹിച്ചു. മൊബൈൽ ഫോണിന്റെ ദുരുപയോഗത്തെക്കുറിച്ച് നോർത്ത് പോലീസ് സ്റ്റേഷനിലെ റഫിക് സാർ ക്ലാസ്സെടുത്തു. സെൽഫ് ഡിഫെൻസിന്റെ ക്ലാസ് വനിത സെല്ലിലെ പോലീസുകാർ നടത്തി. പരിശീലനം കുട്ടികൾക്കും അമ്മമാർക്കും നൽകി. സ്കൂൾ എച്ച്.എം., ടീച്ചേഴ്സ്, കുട്ടിക്കൂട്ടം കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി എന്നിവർ നേതൃത്വം നൽകി.

### നേതൃത്വപരിശീലന സെമിനാർ

പോഞ്ഞശ്ശേരിയിലെ കുട്ടിക്കൂട്ടങ്ങൾക്കായ് പോഞ്ഞശ്ശേരി ഹാളിൽവച്ച് നേതൃത്വപരിശീലന സെമിനാർ സംഘടിപ്പിച്ചു. സാന്ത്വനം കൗൺസിലിംങ് സെന്ററിലെ ജിജി വർഗീസ് ക്ലാസ്സെടുത്തു.

ബഹുമാനപ്പെട്ട വികാരി ഫാ. ജെനി മരോട്ടിപറമ്പിൽ കുട്ടിക്കൂട്ടം കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, റീജിയണൽ കോഡിനേറ്റർ റെഹിയാനത്ത് അഷ്റഫ്, മതബോധനവിഭാഗം എച്ച്.എം. എന്നിവർ നേതൃത്വം നൽകി

## മോട്ടിവേഷൻ ക്ലാസ്



തൈക്കൂടത്തെ കുട്ടിക്കൂട്ടങ്ങൾക്കായ് തൈക്കൂടം സ്കൂൾ ഹാളിൽവച്ച് മോട്ടിവേഷൻ ക്ലാസ് ഇ.എസ്.എസ്.എസ്. അസി.ഡയറക്ടർ ഫാ. മെർട്ടൻ ഡിസിൽവ നയിച്ചു. കുട്ടിക്കൂട്ടം കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, റീജിയണൽ കോഡിനേറ്റർ ലിജി ടി.ജെ. എന്നിവർ നേതൃത്വം നൽകി.

## കുട്ടിക്കൂട്ടം ബോധവത്ക്കരണ ക്ലാസ്

**മൂത്തേടം** ലിറ്റിൽ കിംഗ് കുട്ടിക്കൂട്ടത്തിൽ ആനിമേറ്റർ ഫിലോമിന അഗസ്റ്റിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് എടുക്കുകയും മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി. 18 അംഗങ്ങൾ പങ്കെടുത്തു.

**പെരുമ്പിള്ളി** അസ്സീസി സ്കൂളിൽ കുട്ടികൾക്കുവേണ്ടി Environment Protection ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈ വിതരണവും, ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. സാന്ത്വനം കൗൺസിലിംങ് സെന്ററിലെ ജിജി വർഗീസ് ക്ലാസ്സെടുത്തു. ഡയറക്ടർ ഫാ. ഷൈൻ പോളി അധ്യക്ഷത വഹിച്ചു. ഇ.എസ്.എസ്.എസ്. സ്റ്റാഫ് വിപിൻ ജോ നേതൃത്വം നൽകി.

**നെട്ടൂരിൽ** പേൾസ് ഓഫ് കുട്ടിക്കൂട്ടത്തിനുവേണ്ടി Child abuse നെക്കുറിച്ച് MSW Students ബോധവൽക്കരണ ക്ലാസ് എടുത്തു. ആനിമേറ്റർ ഫിലോമിന അഗസ്റ്റിൻ നേതൃത്വം നൽകി.

**പുതുതായി രൂപീകരിച്ച കുട്ടിക്കൂട്ടം**

1. പേൾസ് ഓഫ് ഗോഡ്, വൺ
2. പേൾസ് ഓഫ് ഗോഡ്, ടൂ

## മൊബൈൽ ഹെൽത്ത് കെയർ യൂണിറ്റ് ലഭ്യമാകുന്ന സ്ഥലവും സമയവും

| ദിവസം | പഞ്ചായത്ത് | സ്ഥലവും സമയവും | |
|---|---|---|---|
| | | 10 am - 1 pm | 1.30 pm - 4.30 pm |
| തിങ്കൾ | ആലങ്ങാട് | ആലങ്ങാട് പഞ്ചായത്ത് മാർക്കറ്റ് ബിൽഡിംഗ് | കൊങ്ങോർപിള്ളി കോ-ഓപ്പറേറ്റീവ് ബാങ്ക് |
| ചൊവ്വ | കടമക്കുടി | സെന്റ് ആഗസ്റ്റിൻ ചർച്ച് ഹാൾ | മൂലമ്പിള്ളി ചർച്ച് ഹാൾ |
| ബുധൻ | ചേരാനെല്ലൂർ | ഗവ. സ്കൂൾ ബിൽഡിംഗ്, ചേരാനെല്ലൂർ | ഗവ. സ്കൂൾ ബിൽഡിംഗ് ചിറ്റൂർ |
| വ്യാഴം | വരാപ്പുഴ | ദേവസംപാടം അംഗനവാടി സബ്സെന്റർ ബിൽഡിംഗ് | ചിറക്കകം അംഗനവാടി |
| വെള്ളി | കടമക്കുടി | ചരിയംതുരുത്ത് ലൈബ്രറി | കോതാട് കെ.കെ.പി.സഭ ഹാൾ ബിൽഡിംഗ് |

# ഫൊറോന വാർത്തകൾ

## ഫൊറോന - 1

### ബോധവത്ക്കരണ ക്ലാസ്



തേവര സെന്റ് ജോസഫ് പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തിയ ബോധവത്ക്കരണ ക്ലാസ് ഇ.എസ്.എസ്.എസ് ഡയറക്ടർ ഫാ. മാർട്ടിൻ അഴീക്കകത്ത് ക്ലാസ് നയിച്ചു. 78 പേർ പങ്കെടുത്തു ഇടവകവികാരി ഫാദർ ജോജി കുത്തുക്കാട്ട്, പുരുഷ എസ്.എച്ച്.ജി. കോഡിനേറ്റർ വിപിൻ ജോ, എസ്.എച്ച്.ജി കോഡിനേറ്റർ സിജി ജെനി എന്നിവർ സന്നിഹിതരായിരുന്നു

### ശുചീകരണവാരം ആഘോഷിച്ചു

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ പെരുമാനൂർ എസ്.എച്ച്.ജി അംഗങ്ങൾ റോഡുകൾ ക്ലീൻ ചെയ്തു. മുളവുക്കാട്, സൂര്യകാന്തി ഫെഡറേഷനും, ജ്യോതിഷ് ഫെഡറേഷനും സംയുക്തമായി സെന്റ് ജോസഫ് യു.പി. സ്കൂൾ ഗ്രൗഡ് ക്ലീൻ ചെയ്തു.

### ആരോഗ്യസംരക്ഷണ ക്ലാസ്



**ആരോഗ്യസംരക്ഷണ ക്ലാസ് സംഘടിപ്പിച്ചു.** ഔർ ലേഡി ഓഫ് മേഴ്സി ചർച്ച്, പൊന്നാരിമംഗലം. സൂര്യകാന്തി ഫെഡറേഷന്റെ കീഴിൽ അക്ഷയഗ്രാമം ക്ഷയരോഗ നിർമ്മാർജ്ജന ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. 50 പേർ പങ്കെടുത്തു. ഹെൽത്ത് ഇൻസ്പെക്ടർ സാബു ക്ലാസ് നയിച്ചു. സി. വൽസല കാർമലിയും, വൈസ് പ്രസിഡന്റ് ശ്രീ ബെന്നി കോഡിനേറ്റർ സിജി ജെന്നി ആനിമേറ്റർ ശ്രീമതി ടെൽമ ജോർജ് എന്നിവർ നേതൃത്വം നൽകി.

### ഇൻഷുറൻസ് ക്ലാസ് സംഘടിപ്പിച്ചു

തേവര സമന്വയ ഫെഡറേഷന്റെ കീഴിൽ ഇൻഷുറൻസ് ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി ആനി റോബർട്ട് ക്ലാസ് നയിച്ചു. 68 മെമ്പർമാർ പങ്കെടുത്തു. ആനിമേറ്റർ ഹാജിറ അഷ്റഫ് നേതൃത്വം നൽകി.

### സായംപ്രഭ സംഗമം

സെന്റ് സെബാസ്റ്റ്യൻ ചർച്ച് കടവന്തറ പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. 108 പേർ പങ്കെടുത്തു. ക്ലാസ് നയിച്ചത് ഫാ. മാർട്ടിൻ അഴിക്കകത്ത്, സിജി ജെനി, ലിജി ടി.ജെ എന്നിവർ ഐ.ജി.പി. ട്രെയിനിംങ് നേതൃത്വം നൽകി. ഇടവക വികാരി ഫാ. ആന്റണി അറക്കൽ, കോഡിനേറ്റർ വിപിൻ ജോ, MSW സ്റ്റുഡന്റ് എന്നിവർ സന്നിഹിതരായിരുന്നു. വൈപ്പിൻ, പുതുവൈപ്പ് സായംപ്രഭ അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. സീനിയർ സിറ്റിസൺ ഫോറം സെക്രട്ടറി റാഫേൽ മട്ടമ്മേൽ സംസാരിച്ചു.

<u>പുതിയതായി രൂപീകരിച്ച സംഘങ്ങൾ</u>

വടുതല ഗുഡ്നെസ്സ് SHG

കോതാട് ഒരുമ SHG

കോതാട് തേജസ് SHG

## ഫൊറോന - 2

### കുത്തിവയ്പുനടത്തി

വടുതല ഗുഡ്നെസ് എസ്.എച്ച്.ജി. അംഗങ്ങൾ പേ വിഷബാധയ്ക്ക് എതിരായി കുത്തിവെയ്പ്പ് നടത്തി. 163 രജിസ്ട്രേഷൻ ഉണ്ടായിരു

ന്നു. ഡോ. സൂരജ്, കൊച്ചിൻ പെറ്റ് ഹോസ്പിറ്റൽ നേതൃത്വം നൽകി. എറണാകുളം എം.എൽ.എ. ടി.ജെ വിനോദ് പരിപാടി ഉദ്ഘാടനം ചെയ്തു. കൗൺസിലർ സുനിൽ, ഷീബ, ജീയമോൾ, സാലി എന്നിവർ സംസാരിച്ചു.



**കടമക്കുടിയിൽ ഗൃഹസുരക്ഷാ ക്ലാസ് നടത്തി.**



**നോർത്ത് ഇടപ്പള്ളിയിൽ നിർണ്ണയം മെഡിക്കൽ ക്യാമ്പ് നടത്തി**

## ഫൊറോന - 3

### വാർഷികം ആഘോഷിച്ചു

പാലാരിവട്ടം സഹൃദയ ഫെഡറേഷൻ വാർഷികം ആഘോഷിക്കുകയുണ്ടായി. സൈബർ ക്രൈമിനെകുറിച്ചുള്ള ക്ലാസ്, റിട്ടയർ ഡി.വൈ.എസ്.പി. ശ്രീ. ഫ്രാൻസീസ് പെരേര ക്ലാസ് എടുത്തു. വാർഷിക ഉത്ഘാടനം ഫാ. ജൂഡിസ് പനക്കൽ നിർവഹിച്ചു. ഇ.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. മെർട്ടൺ ഡിസിൽവ, കോഡിനേറ്റർ ഷെറിൻ ബാബു, ആനിമേറ്റർ സിജി ബിജു, ജെർമി, ഫെഡറേഷൻ പ്രസിഡന്റ് നാൻസി എന്നിവർ നേതൃത്വം നൽകി. മുഴുവൻ A+ കിട്ടിയ കുട്ടികളെ ആദരിക്കുകയും ചെയ്തു.

### ക്ഷേമപദ്ധതികളെക്കുറിച്ച് ക്ലാസ് എടുത്തു



ചെമ്പുമുക്ക് ഫെഡറേഷനിൽ വിവിധതരം ക്ഷേമപദ്ധതികളെക്കുറിച്ച് കോഡിനേറ്റർ ഷെറിൻ ബാബു ക്ലാസ് എടുത്തു. ഫാ. ടൈറ്റസ് കുരിശിങ്കൽ, ഫാ. ജോസ്‌ലിൻ, ആനിമേറ്റർ ഓമന മൈക്കിൾ ഫെഡറേഷൻ പ്രസിഡന്റ് ലില്ലി ബർണാർദ്, ടിനു ആന്റണി എന്നിവർ സന്നിഹിതരായിരുന്നു.

### ട്രെയിനിംഗ് ക്ലാസ്

3-ാം ഫൊറോന ഭാരവാഹികൾക്കുള്ള ട്രെയിനിങ്ങ് ക്ലാസ് ഇ.എസ്.എസ്.എസിൽ വച്ച് നടത്തുകയുണ്ടായി. ക്ലാസിൽ ഫാ. മാർട്ടിൻ അഴിക്കകത്ത് ഇ.എസ്.എസ്.എസിന്റെ പ്രവർത്തനത്തെക്കുറിച്ച് സംസാരിച്ചു. 126 ലീഡേഴ്സ് പങ്കെടുത്തു. Coorperative Bank, Banking Leadership Asikiranam cancer project welffare share Insurance എന്നിവയെക്കുറിച്ചുള്ള ക്ലാസും. ഉണ്ടായിരുന്നു.

**പുതിയ ഗ്രൂപ്പ് ഫോമേഷൻ**

വെണ്ണല - ഗ്രേയ്സ് ഗ്രൂപ്പ്

തമ്മനം - പ്രയാൺ ഗ്രൂപ്പ്

### രോഗനിർണ്ണയ ക്യാമ്പ് നടത്തി

ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് ചർച്ച് ഹാളിൽ വച്ച് ചൈതന്യ ഐ ഹോസ്പ്പിറ്റലും മലബാർ ഗോൾഡ് & ഡൈമണ്ടും, ഇ.എസ്.എസ്.എസും ആയി സഹകരിച്ച് നേത്ര ചികിത്സാക്യാമ്പും രോഗനിർണയ ക്യാമ്പും നടത്തി. സെന്റ് മൈക്കിൾസ് ഇടവക വികാരി ഫാ. ടൈറ്റസ് കുരിശിങ്കൽ ക്യാമ്പ് ഉത്ഘാടനം ചെയ്തു. ക്യാമ്പ് കോഡിനേറ്റർ ജെയ്സൺ, സോഷ്യൽ സെക്രട്ടറി സി. ഷൈജു, ഇ.എസ്.



എസ്.എസ് കോഡിനേറ്റർ ഷെറിൻ ബാബു, ആനിമേറ്റർ ഓമന മൈക്കിൾ എന്നിവർ സംസാരിച്ചു.

## വാർഷികം ആഘോഷിച്ചു

എളമക്കരയിൽ പ്രവർത്തിക്കുന്ന ആശ്രയ എസ്.എച്ച്.ജി.യുടെ 15-ാം വാർഷികം ഫാ. മാർട്ടിൻ അഴിക്കകത്ത് ഉത്ഘാടനം ചെയ്തു. ആശ്രയ പ്രസിഡന്റ് സിമി ജോൺസൺ, കോഡിനേറ്റർ ഷെറിൻ സാബു ആനിമേറ്റർ മേരി ജോൺ, ഫെഡറേഷൻ പ്രസിഡന്റ് സിബി ഷൈജു എന്നിവർ നേതൃത്വം നൽകി. ആശകിരണം പ്രോജറ്റിലെ 2000/- സംഭാവന നൽകുകയും ചെയ്തു.

## ബാങ്കിംങ്ങ് സേവനങ്ങളും അവ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും

സമൂഹത്തിന്റെ വിവിധ മേഖലകളിലെ ജനവിഭാഗങ്ങൾക്ക് ബാങ്കിങ്ങ് മേഖലയിലെ - നിലവിലുള്ള ബാങ്കിംങ്ങ് സേവനങ്ങളും അവ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളെപ്പറ്റിയും ആരോഗ്യ ഇൻഷുറൻസു പദ്ധതികകളെയും അവയുടെ പ്രയോജനങ്ങളേയും വിവിധ തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനേയും കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ് കോർപ്പറേഷൻ ബാങ്ക് എളമക്കര ശാഖ സ്വയം സഹായസംഘങ്ങളിലെ അംഗങ്ങൾക്കായി എളമക്കര ഭാസ്കരീയം കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി.

എല്ലാവിഭാഗം ജനങ്ങളെയും, വിവിധതരത്തിലുള്ള ബാങ്കിൽ സേവനങ്ങൾക്ക് പ്രാപ്തരാക്കുക എന്നതായിരുന്നു ഈ അവബോധന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യം. ഹൈബി ഈഡൻ എം.പി. ഉത്ഘാടനം ചെയ്ത യോഗ




**ബോധവത്ക്കരണ ക്ലാസ് ഹൈബി ഈഡൻ എം.പി. ഉത്ഘാടനം ചെയ്യുന്നു**



ത്തിൽ കോപ്പറേറ്റിവ് ബാങ്ക് ജനറൽ മനേജർ എൻ. വീരഭദ്രപ്പ അധ്യക്ഷത വഹിച്ചു. യോഗത്തിൽ ഇ.എസ്.എസ്.എസ് ഫാ. മാർട്ടിൻ അഴിക്കകത്ത്, ചീഫ് മാനേജർ സാബുമോൻ, സോണൽ ഹെഡ് മഞ്ജുനാഥ സ്വാമി, ശ്രീ രവിക്കുട്ടൻ കെ.കെ., ശ്രീ സുധീർ ശ്രീമതി ബീന മഹേഷ്, ശ്രീമതി ഷീല സെബാസ്റ്റ്യൻ, ശ്രീ ജനാർദ്ദനൻ എന്നിവർ സംസാരിച്ചു.

## ഫൊറോന - 4

## ബോധവത്ക്കരണ ക്ലാസ്

മരട് ലിറ്റിൽ കിംഗ് കുട്ടിക്കൂട്ടത്തിലെ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി കുട്ടികളുടെ മാനസിക ആരോഗ്യത്തെകുറിച്ചു ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. രാജഗിരി കോളേജ് വിദ്യാർത്ഥികളായ വിനോദും, ഉത്തരയുമാണ് ക്ലാസ് നയിച്ചത്. 19 പേര് ക്ലാസിൽ സംബന്ധിച്ചു.

### തൊഴിൽ പരിശീലനം

ജീവധാര സ്വയം സഹായസംഘം ഏരൂർ, ദീപം സ്വയം സഹായസംഘം തൈക്കൂടം എന്നീ സംഘങ്ങളിലെ അംഗങ്ങൾക്കായി സ്വയം തൊഴിൽ പരീശീലനം നൽകി. പേപ്പർ ബാഗ്, പേപ്പർ പേന എന്നിവ നിർമ്മിക്കാനുള്ള പരിശീലനമാണ് നൽകിയത്. രണ്ടു സംഘങ്ങളിലായി 35 പേർ പങ്കെടുത്തു. മരിയൻ കോളേജ് വിദ്യാർത്ഥിക ളായ കെ.സി. ഗൗരി, അശ്വിൻ, ലക്ഷ്മി എന്നിവ രാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

### സായംപഭ

തോമസ്പുരം ഇടവകയിലെ സായംപ്രഭ അംഗങ്ങൾക്കായി മുൻസിപ്പാലിറ്റി കൗൺസി ലർമാരുമായി ഒരു സംവാദം സംഘടിപ്പിച്ചു. ശ്രീ ആന്റണി ആശാൻപറമ്പിൽ, ശ്രീ. സുരേഷ് ബാബു, ശ്രീമതി മോളി ജെയിംസ് എന്നീ കൗൺസിലർമാർ പരിപാടിയിൽ പങ്കെടുത്തു. സായംപ്രഭ അംഗങ്ങൾ ചില സംശയങ്ങളും, ആവശ്യങ്ങളും ഉന്നയിക്കുകയും കൗൺസി ലർമാർ സംശയനിവാരണം നടത്തുകയും ചില ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്തു. 42 പേർ പങ്കെടുത്ത യോഗം ഇ.എസ്.എസ്.എസ്. സായംപ്രഭ കോർഡിനേറ്റർ ശ്രീ വിപിൻ ജോ, നാലാം ഫോറാന കോഡിനേറ്റർ ലിജി ടി.ജെ, ആനിമേറ്റർ മേരി ഗ്രേസ് എന്നിവർ ചേർന്ന് നയിച്ചു.

### നേതൃത്വ പരിശീലന ക്ലാസ്

തൈക്കൂടത്തെ കുട്ടിക്കൂട്ടങ്ങൾക്കായി ഒരു നേതൃത്വ പരിശീലനക്ലാസ് സംഘടിപ്പിച്ചു. ഇ.എ സ്.എസ്.എസ് അസി.ഡയറക്ടർ ഫാ. മെർട്ടൻ ഡിസിൽവയാണ് ക്ലാസ് നയിച്ചത്. 37 കുട്ടികൾ ക്ലാസിൽ പങ്കെടുത്തു. ഇ.എസ്.എസ്.എസ്. കുട്ടി ക്കൂട്ടം കോർഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, ഫൊ റോന കോർഡിനേറ്റർ ലിജി ടി.ജെ, ആനിമേ റ്റേഴ്സ് എൽസി ജോസഫ്, റെനി ആന്റെണി, ഫിലോമിന അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

### ക്യാഷ് അവാർഡ് നൽകി

അരുവി ഫെഡറഷൻ, ഏരൂർ സംഘ അംഗങ്ങളുടെ മക്കളിൽ നിന്നും ഉയർന്ന മാർക്കു കരസ്ഥമാക്കിയ 4 കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി. ഏരൂർ സെൻറ് ജോർജ് ചർച്ച് കേന്ദ്ര സമിതി പ്രസിഡന്റും, ഇ.എസ്.എസ്.എസ് പുരുഷ സ്വയം സഹായസംഘം കോർഡിനേറ്റർ ശ്രീ. ജോസി കൊട്ടിയത്ത് ആണ് അവാർഡ് ദാനം നിർവഹിച്ചത്. എസ്.എസ്.എൽ.സി.ക്കു രോഹിത് രാമൻ, അരുൺ എന്നീ കുട്ടികൾക്കും പ്ലസ് ടൂവിനു വർഷ, ആൻ മേരി എന്നീ കുട്ടി കൾക്കുമാണ് ക്യാഷ് അവാർഡ് നൽകിയത്. ഫൊറാന കോർഡിനേറ്റർ ലിജി, ആനിമേറ്റർ ജോസഫീന, ഫെറഡേഷൻ പ്രസിഡന്റ് ശ്രീമതി മേരി സുമി, സെക്രട്ടറി ജിലു, ഖജാൻജി ബീന ജോസഫ് എന്നിവർ സംസാരിച്ചു. 40 പേർ യോഗ ത്തിൽ സംബന്ധിച്ചു.

### ഗൃഹസുരക്ഷ, മെഡി ക്ലെയിം ക്ലാസ് സംഘടിപ്പിച്ചു

പനങ്ങാട് സെന്റ് ആന്റെണി ദേവാലയ ത്തിൽ വച്ച് ഇ.എസ്.എസ്.എസിനെകുറിച്ചും ഗൃഹസുരക്ഷ, മെഡി ക്ലെയിം എന്നിവയെക്കു റിച്ചും ക്ലാസ് സംഘടിപ്പിച്ചു. വികാരി റവ. ഫാ. പോൾ തുണ്ടിയിൽ ഉദ്ഘാടനം നിർവഹിച്ചു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്താണ് ക്ലാസ് നയിച്ചത്. ക്ഷേമനിധി യെകുറിച്ച് കെ.ഡി.ഡബ്ലിയു എഫ് സംസ്ഥാന പ്രസിഡന്റും, കെ.എൽ. എം രൂപത കോർഡി നേറ്ററുമായ ശ്രീമതി ഷെറിൻ ബാബുവും ക്ലാസ് നൽകി. 38 പേർ ക്ലാസിൽ സംബന്ധിച്ചു. ഫൊ റോന കോർഡിനേറ്റർ ലിജി, ആനിമേറ്റർ ലീന തോമസ് എന്നിവർ പങ്കെടുത്തു.

### സായംപ്രഭ

തൈക്കൂടം ഇടവകയിലെ സായംപ്രഭ അംഗങ്ങൾക്കും, സ്വയം സഹായസംഘ അംഗ ങ്ങൾക്കും സംയുക്തമായി മെഴുതിരി നിർമ്മാണ പരിശീലനം നൽകി. ഇടവക വികാരി ഫാ. ജോൺസൺ ഡിക്കൂഞ്ഞ ഉദ്ഘാടനം നിർവഹി ക്കുകയും നിർമിച്ച തിരികൾ വിതരണം നടത്തു കയും ചെയ്തു. 50 പേർ പങ്കെടുത്ത പരിശീല നക്ലാസ് ഫോറോന കോർഡിനേറ്റർ ലിജിയാണ് നയിച്ചത്. ആനിമേറ്റേഴ്സ് ഫിലോമിന അഗസ്റ്റിൻ, എൽസി ജോസഫ് എന്നിവർ പങ്കെടുത്തു.

### ബോധവത്ക്കരണ ക്ലാസ്

നെട്ടൂർ മിത്ര, തേജസ് ഫെഡേറഷനുക ളിൽ സംയുക്തമായി ഇൻഷുറൻസ് ബോധ വത്കരണക്ലാസ് സംഘടിപ്പിച്ചു. ഇ.എസ്.എസ്.



എസ്. ഇൻഷുറൻസ് വിഭാഗം കോർഡിനേറ്റർ ശ്രീമതി. ആനി റോബർട്ട് ആണ് ക്ലാസ് നയിച്ചത്. രണ്ടു ഫെഡറേഷനുകളിൽ നിന്നുമായി 21 പേർ ക്ലാസിൽ പങ്കെടുത്തു. ഫൊറോന കോർഡിനേറ്റർ ലിജി, ആനിമേറ്റർ ഗ്രേസി ജോർജ് എന്നിവർ പങ്കെടുത്തു.

## ബോധവത്കരണ ക്ലാസ്



ശിശുദിനത്തോടനുബന്ധിച്ച് തൈക്കൂടം സെന്റ് അഗസ്റ്റിൻ സ്കൂളിലെ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ഒരു ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. മൊബൈൽ ദുരുപയോഗത്തെക്കുറിച്ചു നോർത്ത് പോലീസ് സ്റ്റേഷനിലെ ഓഫീസർ ശ്രീ റഫീക്ക് സാറും സെൽഫ് ഡിഫെൻസിനെകുറിച്ച് വനിതാ സെൽ അംഗങ്ങളും ക്ലാസ് നയിച്ചു.

120 പേർ പങ്കെടുത്ത ക്ലാസിൽ ഇ.എസ്.എസ്.എസ്. കുട്ടിക്കൂട്ടം കോർഡിനേറ്റർ ഷൈല അട്ടിപ്പേറ്റിയും പങ്കെടുത്തു.

## നേതൃത്വ പരിശീലന ക്ലാസ്

തൈക്കൂടം സെന്റ് റാഫേൽ ഹാളിൽവച്ച് സംഘടിപ്പിച്ച ഫൊറോനതല ഭാരവാഹികൾക്കുള്ള നേതൃത്വപരിശീലനത്തിൽ നാലാം ഫൊറോനയിലെ സംഘങ്ങളിൽ നിന്നും 107 അംഗങ്ങൾ പങ്കെടുത്തു.

## ശിശുദിനം ആഘോഷിച്ചു

**പെറ്റൽസ് ഓഫ് ഗോഡ്-1, പെറ്റൽസ് ഓഫ് ഗോഡ് - 2** എന്നീ കുട്ടിക്കൂട്ടങ്ങളിലെ കുട്ടികൾ എല്ലാവരും ചേർന്ന് ശിശുദിനം ആഘോഷിച്ചു. പ്രച്ഛന്നവേഷം, മിമിക്രി, സ്കിറ്റ് തുടങ്ങിയ കലാമത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## മിഷൻ സ്റ്റാൾ സംഘടിപ്പിച്ചു

**തോമസ്പുരം ഇടവകയിലെ സംഘാംഗങ്ങളും,** സായംപ്രഭ അംഗങ്ങളും സംയുക്തമായി ആനിമേറ്റർ ശ്രീമതി. മേരി ഗ്രേയ്സിനെ നേതൃത്വത്തിൽ മിഷൻ സ്റ്റാൾ സംഘടിപ്പിച്ചു. സ്റ്റാളിൽ നിന്നും ലാഭമായി കിട്ടിയ 3200/- രൂപ മിഷൻ പ്രവർത്തനങ്ങൾക്കായി ഇടവക വികാരി ഫാ. ആനന്ദിനെ ഏൽപ്പിച്ചു.

## പരിസരശുചീകരണം നടത്തി



**അരുവി സ്വയം സഹായ സംഘം ഏരൂർ** വാർഷികം ആഘോഷിച്ചു. ഗാന്ധി ജയന്തിയുടെ ഭാഗമായി പരിസര ശുചീകരണവും നടത്തി.

## വാർഷീകം ആഘോഷിച്ചു

**ആശാദീപം സ്വയം സഹായ സംഘം ഏരൂർ** വാർഷികം ആഘോഷിച്ചു. ആർച്ച്ബിഷപ്സ് സ്നേഹഭവനം പദ്ധതിയിലേക്ക് 2500/ രൂപ സംഭാവനയും നൽകി.

**പുതിയ ഗ്രൂപ്പുകൾ**

മാതാ സ്വയം സഹായസംഘം, മാടവന
നക്ഷത്ര സ്വയം സഹായസംഘം, കുരീക്കാട്
സൂര്യ സ്വയം സഹായസംഘം പനങ്ങാട്

## ഫൊറോന – 5

### നേത്ര പരിശോധന ക്യാമ്പ്



ഇടയാർ ഫാത്തിമ മാതാ പാരിഷ് ഹാളിൽ വച്ച് ഇ.എസ്.എസ്.എസിന്റെയും ചൈതന്യ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. 103 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ മഞ്ജു, ഇ.എസ്.എസ്.എസ് കോഡിനേറ്റർ ലിജി ജോർജ് എന്നിവർ നേതൃത്വം നൽകി.

### നിർണ്ണയം മെഡിക്കൽ ക്യാമ്പ്



സോഷ്യൽ സെക്യൂരിറ്റി മിഷനും മലബാർ ഗോൾഡ് ആന്റ് ഡയമണ്ടിന്റെയും സഹകരണത്തോടെ സെന്റ് ജൂഡ് ചർച്ച് ഉണിച്ചിറ നിവാസികൾക്കായി ജീവിതശൈലി രോഗ നിർണ്ണയം ക്യാമ്പ് നടത്തി. 81 അംഗങ്ങൾ പങ്കെടുത്തു. ആനിമേറ്റർ ഷാലി ഡേവിഡ്, കോഡിനേറ്റർ ഷൈജ ബാബു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

### നേത്രപരിശോധന ക്യാമ്പ്

ഏലൂർ സെന്റ് ജോസഫ് പാരിഷ് ഹാളിൽവച്ച് ഇ.എസ്.എസ്.എസിന്റെയും ചൈതന്യ ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യനേത്ര ചികിൽസാ ക്യാമ്പ് സംഘടിപ്പിച്ചു. സോഷ്യൽ മിനിസ്ട്രി



കോഡിനേറ്റർ ലീന ജോർജ് ക്യാമ്പിന് നേതൃത്വം നൽകുകയുണ്ടായി. 65 പേർ പങ്കെടുത്തു.

### ഹെൽത്ത് ക്ലാസ്



വിവിധ ഇനം പച്ചമരുന്നുകളെക്കുറിച്ചുള്ള ക്ലാസ് മരിയാപുരം സംഘാംഗങ്ങൾക്കായി സംഘടിപ്പിച്ചു. ശ്രീ.പൗളി മാത്യു ക്ലാസ് നയിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു. ഇടയാർ എസ്.എച്ച്.ജി. അംഗങ്ങൾക്കായി സംഘടിപ്പിച്ച ക്ലാസിൽ 28 പേർ പങ്കെടുത്തു.

## ഫൊറോന – 6

### വാർഷികം ആഘോഷിച്ചു

ആലുവ തുരുത്ത് സംരക്ഷക സ്വയം സഹായസംഘത്തിന്റെ 6–ാമത്തെ വാർഷികത്തോടനുബന്ധിച്ച് ആശാകിരണത്തിലേക്ക് 1500 രൂപ സംഭാവന നൽകി.

### സായംപ്രഭ സംഗമം

പോഞ്ഞാശ്ശേരിയിൽ സായംപ്രഭ സംഗമം നടത്തി. വികാരി ഫാ. ജെനിൻ ഉദ്ഘാടനം ചെയ്തു.

## ഫൊറോന – 7

### ടൈലറിംഗ് ക്ലാസ്



ഇ.എസ്.എസ്.എസിന്റെയും ജെ.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ നീറിക്കോട് വച്ച് ടൈലറിംഗ് കോഴ്സ് നടത്തി. 50 ദിവസങ്ങൾ പൂർത്തിയാക്കിയ കോഴ്സിൽ 24 പേർ പങ്കെടുത്തു. ലേഖ ടീച്ചറാണ് ക്ലാസ് നയിച്ചത്. ജെ.എസ്.എസിൽ നിന്നും ആന്റണി സാറും ശ്രീ സുരേഷും ഇ.എസ്.എസ്.എസിൽ നിന്നും കോ–ഓഡിനേറ്റർ ശ്രീമതി ലിസി ജോയിയും ആനിമേറ്റർ റോസ് മേരി ജോയിയും ക്ലാസിന് നേതൃത്വം നൽകി.

**പുതിയ സംഘം**

സഖി, ക്രൈസ്റ്റ് നഗർ

## ഫൊറോന – 8

### ബോധവത്കരണ ക്ലാസ്



ഞാറയ്ക്കൽ സ്നേഹ ഫെഡറേഷന്റെ നേതൃത്വത്തിൽ ഡിമിൻഷ്യയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഡിമിൻഷ്യ സൊസൈറ്റിയുടെ ട്രെയിനർ ആയ ആഷ്‌ലി ക്ലാസ്സെടുത്തു. റീജിയണൽ കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, ആനിമേറ്റർ ബെറ്റി സേവ്യർ, ഫെഡറേഷൻ ലീഡേഴ്സ് എന്നിവർ നേതൃത്വം നൽകി.

### മോട്ടിവേഷൻ ക്ലാസ്



ഞാറക്കൽ സായംപ്രഭ അംഗങ്ങൾക്കു വേണ്ടി ജിജി വർഗീസ് സാർ മോട്ടിവേഷൻ ക്ലാസ് എടുത്തു. ഞാറക്കൽ ക്രിസ്തുരാജ ദേവാലയത്തിന്റെ പാരിഷ് ഹാളിൽവച്ച് നടത്തിയ ക്ലാസ് റീജിണൽ കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി ആനിമേറ്റർ അൽഫോൺസ ജോർജ് എന്നിവർ നേതൃത്വം നൽകി 46 പേർ പങ്കെടുത്തു.

### വിവിധ സ്കീമുകളെക്കുറിച്ചുള്ള ക്ലാസ്

ഓച്ചൻതുരുത്ത് നിത്യസഹായമാതാ പാരീഷ് ഹാളിൽവച്ച് ഉഷസ് ഫെഡറേഷനിലെ സംഘങ്ങൾക്കായി ഇ.എസ്.എസ്.എസ്. ഡയറക്ടർ റവ.ഫാ. മാർട്ടിൻ അഴിക്കകത്ത് ഇ.എസ്.എസ്.എസ്. നടപ്പിലാക്കികൊണ്ടിരിക്കുന്ന സ്കീമുകളെക്കുറിച്ച് ക്ലാസ്സെടുത്തു. റീജിണൽ കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, ആനിമേറ്റർ ജെസി ഫ്രാങ്കിളിൻ, ഐറിൻ ആന്റണി എന്നിവർ നേതൃത്വം നൽകി. 56 പേർ പങ്കെടുത്തു.

### ഡിമിൻഷ്യയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്

കർത്തേടം സായംപ്രഭയിലെ അംഗങ്ങൾക്കുവേണ്ടി ഡിമിൻഷ്യ രോഗത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഡിമിൻഷ്യ സൊസൈറ്റിയിലെ ശ്രീമതി ആഷ്‌ലി ക്ലാസ് നയിച്ചു. സായംപ്രഭ കോഡിനേറ്റർ വിപിൻജോ നേതൃത്വം നൽകി.

### തയ്യൽപരിശീലന ക്ലാസ്

വെളിയത്താംപറമ്പിലെ സംഘാംഗങ്ങൾക്കായ് തയ്യൽ പരിശീലനത്തിനായ് ജെ.എസ്.എസിന്റെ ക്ലാസ് സംഘടിപ്പിച്ചു. ജെ.എസ്.എസിലെ ആന്റണി സാർ ക്ലാസ് നയിച്ചു. കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി ആനിമേറ്റർ ലീന ജോയ് എന്നിവർ നേതൃത്വം നൽകി. 24 പേർ പങ്കെടുത്തു.

## ബോധവത്ക്കരണ ക്ലാസ്

സ്വയം തൊഴിൽ ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനായ് ഇ.എസ്.എസ്.എസിന്റെ സ്റ്റാഫ് അംഗം ഷെറിൻ ബാബു വെളിയത്താംപറമ്പ് കടപ്പുറത്തെ 5 എസ്.എച്ച്.ജി. കൾക്കായ് ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. റീജിണൽ കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, ആനിമേറ്റർ ലീന ജോയ് എന്നിവർ നേതൃത്വം നൽകി 24 പേർ ക്ലാസിൽ പങ്കെടുത്തു.

## വില്ലേജ് സെമിനാർ



വാടേൽ വെളിയത്താംപറമ്പ് കടപ്പുറത്ത് പുതിയതായി രൂപം കൊണ്ട 7 എസ്.എച്ച്.ജി കൾക്കായ് വില്ലേജ് സെമിനാൽ സംഘടിപ്പിച്ചു. ഇ.എസ്.എസ്.എസ് ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് ഇ.എസ്.എസ്.എസ്ന്റെ പ്രവർത്തനമേഖലകളെക്കുറിച്ചും സ്കീമുകളെക്കുറിച്ചും ക്ലാസ് എടുത്തു. 54 പേർ പങ്കെടുത്തു. റീജിയണൽ കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി, കേന്ദ്ര സമിതി ലീഡർ ഷിബു, കമ്മറ്റിയംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. 45 സോഷ്യൽ മിനിസ്ട്രി കോഡിനേറ്റർമാർ പങ്കെടുത്തു.

## ക്ഷേമനിധിയെക്കുറിച്ച് ക്ലാസ്സെടുത്തു

11-10-2019 ൽ കർത്തേടം നക്ഷത്ര ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ക്ഷേമനിധികളെക്കറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഇ.എസ്.എസ്.എസ് സ്റ്റാഫ് - ഷെറിൻ ബാബു ക്ലാസ്സെടുത്തു. 23 പേർ പങ്കെടുത്തു. തുടർന്ന് 14 പേർ ക്ഷേമനിധിയിൽ ചേരുകയും സർട്ടിഫിക്കറ്റ് കൈപ്പറ്റുകയും ചെയ്തു. ഫെഡറേഷൻ ലീഡർ ഡാനി നേതൃത്വം നൽകി.

## ബോധവത്ക്കരണ ക്ലാസ്സെടുത്തു



5-9-2019 പുതുവൈപ്പ് ആശ്രയ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ മറവിരോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണക്ലാസ് പുതുവൈപ്പ് സെ. സെബാസ്റ്റിൻ പാരിഷ് ഹാളിൽവച്ച് സംഘടിപ്പിച്ചു. ഡിമിൻഷ്യ സൊസൈറ്റിയിലെ ട്യൂറ്റർ ആയ ആഷ്ലി ക്ലാസ് നയിച്ചു. ആനിമേറ്റർ ഷീല ഷാജി, ഫെഡറേഷൻ ലീഡേഴ്സ് നേതൃത്വം വഹിച്ചു 56 പേർ പങ്കെടുത്തു.

## ഫെഡറേഷൻ രൂപീകരിച്ചു

വാടേൽ വെളിയത്താംപറമ്പ് കടപ്പുറത്ത് പുതിയതായി രൂപം കൊണ്ട 5 എസ്.എച്ച്.ജികൾക്കുവേണ്ടി ഫെഡറേഷൻ രൂപീകരിച്ചു. തീരം എന്ന പേരിൽ രൂപം കൊണ്ട ഫെഡറേഷന്റെ നിയമാവലിയെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും റീജിയണൽ കോഡിനേറ്റർ ഷൈല അട്ടിപ്പേറ്റി ക്ലാസ്സെടുത്തു. പുതിയ എസ്.എച്ച്.ജി കൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ആനിമേറ്റർ ലീന ജോയി നേതൃത്വം നൽകി. 57 പേർ പങ്കെടുത്തു.

## ഫെറോന 8-ൽ പുതിയതായി നിലവിൽവന്ന സംഘങ്ങൾ

**എസ്.എച്ച്.ജി.**

| | | |
|---|---|---|
| 1. | വിസ്മയ | വെളിയത്താംപറമ്പ് കടപ്പുറം |
| 2. | പ്രതീക്ഷ | വെളിയത്താംപറമ്പ് കടപ്പുറം |
| 3. | സാന്ത്വനം | വെളിയത്താംപറമ്പ് കടപ്പുറം |
| 4. | സ്വാഗത് | വെളിയത്താംപറമ്പ് കടപ്പുറം |
| 5. | നക്ഷത്ര | വെളിയത്താംപറമ്പ് കടപ്പുറം |
| 6. | ധനലക്ഷ്മി | വെളിയത്താംപറമ്പ് കടപ്പുറം |
| 7. | മഴവില്ല് | വളപ്പ് |
| 8. | ചങ്ക്സ് | നായരമ്പലം |

**സായംപ്രഭ ഫോർമേഷൻ**

1. പ്രചോദന വെളിയത്താംപറമ്പ് കടപ്പുറം

**ഫെഡറേഷൻ ഫോർമേഷൻ**

1. തീരം ഫെഡറേഷൻ - വെളിയത്താംപറമ്പ് കടപ്പുറം


2nd
Happy Birthday
Angel Natalie Prince
Urakath House, Kochal


ക്രിസ്തുമസ് ദിന വിഭവങ്ങളുമായി
പാരഡൈസ് കാറ്ററിംഗ്
ഒരുക്കുന്നു
മട്ടൻ സ്റ്റൂ - 1 ലിറ്റർ
അപ്പം- 15 എണ്ണം
താറാവ് റോസ്റ്റ് (6 പീസ്)
ചിക്കൻ ഫ്രൈ (10 പീസ്)
പോർക്ക് വിന്താലു (10 പീസ്)
ചോറ്
ഫാമിലി പായ്ക്ക്
5 പേർക്ക്
₹3000
25-12-2019, 11 മണിക്ക്
വീട്ടുപടിക്കൽ
എത്തിച്ചുതരുന്നു
മീൻ വറ്റിച്ചത് (10 പീസ്)
ബീഫ് ഫ്രൈ
അവിയൽ
പച്ചടി
കാളൻ
അച്ചാർ
ഐസ്ക്രീം - 1 ലിറ്റർ
Ph : 94 46 21 91 67
മാത്യുപൈലി റോഡ് (ടൗൺ ഹാളിന് പുറക് വശം), കൊച്ചിൻ 682018


SPECIAL OFFER
NEW GENTS
MEN'S BOUTIQUE, KOONAMMAVU
PH : 7356314114
Christmas
SUPER OFFER
50 % OFF
SALE
SHOP NOW
Merry Christmas
Merry Christmas


വേൾഡ് ഫിഷറീസ് ഡേ
സെലബ്രേഷൻ 2019
ന്റെ ഭാഗമായി മത്സ്യകൃഷിയിൽ
കേന്ദ്രസർക്കാരിന്റെ അവാർഡ്
നേടിയ കരുണ സ്വാശ്രയ സംഘം
അംഗമായ A.R ജോണിക്ക്
സംഘാംഗങ്ങളുടെ
KARUNA THOZHILALI SWASRAYA SANGAM
അഭിനന്ദനങ്ങൾ..!!